SCOLE KERALA

STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

# സ്കോൾ-കേരള


STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012


# കൈപ്പുസ്തകം

## 2026–27

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

***Prepared by:***
**SCOLE-Kerala**
Vidyabhavan, Poojappura, Thiruvananthapuram-12 - Kerala
Phone: 0471 2342271, 2342369, 2342950
E-mail: scolekerala@gmail.com

***Type setting by:***
**SCOLE-Kerala Computer Lab**

©
SCOLE-Kerala - 2026
Department of General Education
Government of Kerala

# ഉള്ളടക്കം


| ക്രമ നം. | വിഷയവിവരണം | പേജ് നം. |
|---|---|---|
| 1. | ആമുഖം | 4 |
| 2. | കോഴ്സുകൾ | 5 |
| 3. | ഹയർസെക്കന്ററി കോഴ്സ് ഓപ്പൺ റെഗുലർ | 6 |
| 4. | ഹയർസെക്കന്ററി പ്രൈവറ്റ് രജിസ്ട്രേഷൻ | 9 |
| 5. | ഹയർസെക്കന്ററി റെഗുലർ/ പ്രൈവറ്റ് വിദ്യാർഥികൾക്കുള്ള മാർഗനിർദ്ദേശങ്ങൾ | 10 |
| 6. | ഫീസ് അടയ്ക്കേണ്ട രീതി | 11 |
| 7. | ഓൺലൈൻ രജിസ്ട്രേഷൻ നിർദ്ദേശങ്ങൾ | 13 |
| 8. | ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | 14 |
| 9 | അപേക്ഷ സമർപ്പിക്കേണ്ട വിധം | 15 |
| 10. | ഹയർസെക്കന്ററി പുനഃപ്രവേശനം/ രണ്ടാം വർഷ പ്രവേശനം | 16 |
| 11. | ഹയർസെക്കന്ററി സ്പെഷ്യൽ കാറ്റഗറി (പാർട്ട് -III) | 18 |
| 12 | ഹയർസെക്കണ്ടറി -അഡീഷണൽ മാത്തമാറ്റിക്സ് | 19 |
| 13 | വൊക്കേഷണൽ ഹയർസെക്കണ്ടറി- അഡീഷണൽ മാത്തമാറ്റിക്സ് | 22 |
| 14 | വിദ്യാർഥികൾക്കു ലഭ്യമാക്കുന്ന സേവനങ്ങൾ | 24 |
| 15 | ഹയർസെക്കന്ററി ഒന്നും രണ്ടും വർഷ പൊതുപരീക്ഷ | 26 |
| 16 | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) | 27 മുതൽ 30 വരെ |
| 17 | ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് | 30 മുതൽ 35 വരെ |
| 18 | ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ് | 35 മുതൽ 40 വരെ |
| 19 | ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് | 40 മുതൽ 45 വരെ |
| 20 | അനുബന്ധം 1 – 17 | 46 മുതൽ 91 വരെ |

# ആമുഖം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതിയുടെ (എസ്.സി.ഇ.ആർ.ടി) ഒരു പ്രത്യേക വിഭാഗമായി 1999-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുന:സംഘടിപ്പിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ രൂപീകരിച്ച ആജീവനാന്ത വിദ്യാഭ്യാസ സ്വയംഭരണ സ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള). സ്കോൾ-കേരളയുടെ ചെയർമാൻ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രിയാണ്. സ്കോൾ-കേരളയുടെ സംസ്ഥാന ഓഫീസ് തിരുവനന്തപുരത്ത് പൂജപ്പുരയിലും മലബാർ മേഖലാകേന്ദ്രം, മലപ്പുറം ജില്ലാകേന്ദ്രം എന്നിവ മലപ്പുറം സിവിൽ സ്റ്റേഷനിലുമാണ് പ്രവർത്തിക്കുന്നത്. മറ്റെല്ലാ ജില്ലാകേന്ദ്രങ്ങളും അതത് ജില്ലകളിലെ തെരഞ്ഞെടുത്ത ഒരു സർക്കാർ സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്നു.

ആജീവനാന്തപഠനം എന്ന ആശയത്തെ മുൻ നിർത്തി, സാധാരണ വിദ്യാഭ്യാസത്തിനു പുറമേ തൊഴിൽ സാധ്യതയുള്ള നൈപുണ്യങ്ങൾ കൂടി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്നതാണ് സ്കോൾ-കേരളയുടെ പ്രധാന ലക്ഷ്യം. പ്രായഭേദമന്യേ വിവിധ സാമൂഹിക- സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നുള്ളവർക്ക് തുടർ പഠനത്തിനും നൈപുണ്യ വികസനത്തിനുമുള്ള വേദിയാണ് ഈ സ്ഥാപനം. ഹയർസെക്കണ്ടറിതല കോഴ്സുകളും നൈപുണ്യാധിഷ്ഠിത ഡിപ്ലോമ കോഴ്സുകളും സംഘടിപ്പിച്ച് വരുന്നു. ഹയർസെക്കണ്ടറിതല കോഴ്സുകളുടെ പരീക്ഷ നടത്തിപ്പ്, സർട്ടഫിക്കറ്റ് വിതരണം എന്നിവ സംസ്ഥാന ഹയർസെക്കണ്ടറി പരീക്ഷ വിഭാഗം നേരിട്ടും, ഡിപ്ലോമ കോഴ്സുകൾ സ്കോൾ-കേരള നേരിട്ടും നിർവഹിക്കുന്നു. വിവിധ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സുകൾക്കനുസൃതമായുള്ള തിയറി, പ്രായോഗിക ക്ലാസ്സുകൾ നൽകുന്നു. ഗവൺമെന്റ്, എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ സ്കോൾ-കേരളയുടെ പഠന, പരീക്ഷകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഗവൺമെന്റ് ഹയർസെക്കണ്ടറി അധ്യാപകർ ഉൾപ്പെടെ വിവിധ മേഖലയിലെ വിദ്യാഭ്യാസ വിദഗ്ധർ സ്കോൾ-കേരളയുടെ സമ്പർക്ക ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. ഓൺലൈൻ രജിസ്ട്രേഷൻ മുതൽ ഫീസ് പെയ്മെന്റ്, കോഷൻ ഡെപ്പോസിറ്റ് വിതരണം വരെ എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ്. 2026 മാർച്ചിലെ ഹയർസെക്കണ്ടറി പരീക്ഷയിൽ സംസ്ഥാനത്തെ 537 സ്കോൾ-കേരള വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ+ കരസ്ഥമാക്കി.

സ്കോൾ കേരള വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ വികാസമാണ് ലക്ഷ്യമിടുന്നത്. അറിവ് നേടുന്നതിനോടൊപ്പം ആ അറിവിനെ തൊഴിലാക്കി മാറ്റാനുള്ള നൈപുണ്യവും ആത്മവിശ്വാസവും നൽകി നാളെയുടെ വെല്ലുവിളികളെ നേരിടാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു. ഈ പ്രോസ്പെക്ടസ് ഞങ്ങളുടെ കോഴ്സുകളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും നിങ്ങൾക്ക് വ്യക്തമായ ധാരണ നൽകുമെന്ന് വിശ്വസിക്കുന്നു. അറിവിന്റെ പുതിയ ലോകത്തേക്ക്, തൊഴിലിന്റെ ഉറപ്പുള്ള വഴികളിലേക്ക് പഠിതാക്കളെ സ്വാഗതം ചെയ്യുന്നു.

തിരുവനന്തപുരം
....06.2026

**ഡോ. ജിനേഷ് കുമാർ എം.എം**
എക്സിക്യൂട്ടീവ് ഡയറക്ടർ
സ്കോൾ-കേരള

# കോഴ്സുകൾ

## 1. ഹയർസെക്കൻഡറിതല കോഴ്സുകൾ

സ്കോൾ-കേരള ഹയർസെക്കൻഡറിതലത്തിൽ 5 വിഭാഗങ്ങളിലാണ് കോഴ്സുകൾ നടത്തുന്നത്.

**ഹയർസെക്കൻഡറി – ഓപ്പൺ റെഗുലർ കോഴ്സ്**

- സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിലെ തെരഞ്ഞെടുത്ത കോമ്പിനേഷനുകളിൽ, തുടർപഠനത്തിന് അവസരം
- സ്വയംപഠന സഹായികളും, തെരഞ്ഞെടുത്ത പഠനകേന്ദ്രങ്ങൾ മുഖേനെ അവധി ദിവസങ്ങളിൽ സമ്പർക്കക്ലാസുകളും നൽകുന്നു.

**ഹയർസെക്കൻഡറി – പ്രൈവറ്റ് രജിസ്ട്രേഷൻ**

- ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാൻ അവസരം.
- നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന്റെ ഭാഗമായുള്ള പ്രോജക്ട്, അസൈൻമെന്റ് ഇവ തയാറാക്കാൻ മാർഗനിർദേശം നൽകുന്നതിനായി ഒന്നും രണ്ടും വർഷങ്ങളിൽ പരീക്ഷാകേന്ദ്രങ്ങൾ മുഖേന രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്നു.

**ഹയർസെക്കൻഡറി – സ്പെഷ്യൽ കാറ്റഗറി (പാർട്ട് III)**

- ഒരു സബ്ജക്ട് കോമ്പിനേഷനിൽ ഹയർസെക്കൻഡറി കോഴ്സ് വിജയിച്ചവർക്ക് പഠിച്ച കോഴ്സ് റദ്ദ് ചെയ്യാതെ നിബന്ധനകൾക്ക് വിധേയമായി പാർട്ട് III-ൽ മറ്റൊരു സബ്ജക്ട് കോമ്പിനേഷനിലെ വിഷയങ്ങൾ പഠിക്കാനുള്ള അവസരം.

**ഹയർസെക്കൻഡറി രണ്ടാംവർഷ പ്രവേശനം/പുനഃപ്രവേശനം**

- റെഗുലർ സ്കൂൾ/സ്കോൾ-കേരള (ഓപ്പൺ സ്കൂൾ), മറ്റ് സ്റ്റേറ്റ് ബോർഡുകൾ മുഖേന ഹയർ സെക്കൻഡറി ഒന്നാംവർഷം പഠനം പൂർത്തിയാക്കി രണ്ടാംവർഷ പഠനം മുടങ്ങിയവർക്ക് നിബന്ധനകൾക്ക് വിധേയമായി രണ്ടാംവർഷം മാത്രമായി രജിസ്റ്റർ ചെയ്ത് ഹയർസെക്കൻഡറി കോഴ്സ് പൂർത്തിയാക്കാനുള്ള അവസരം.

**ഹയർസെക്കൻഡറി – അഡീഷണൽ മാത്തമാറ്റിക്സ്**

- കേരള പാഠ്യപദ്ധതി പിൻതുടരുന്ന ഏതെങ്കിലും ഒരു റഗുലർ ഹയർസെക്കണ്ടറി സ്കൂളിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായി തെരഞ്ഞെടുത്ത് ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കാനുള്ള അവസരം.

## 2. വൊക്കേഷണൽ ഹയർസെക്കണ്ടറി – അഡീഷണൽ മാത്തമാറ്റിക്സ്

- വൊക്കേഷണൽ ഹയർസെക്കണ്ടറി റഗുലർ കോഴ്സിന് (ബി) ഗ്രൂപ്പ് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കാനുള്ള അവസരം.

# 3. ഡിപ്ലോമ കോഴ്സുകൾ

**ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി. സി. എ)**

- ഹയർസെക്കൻഡറി റെഗുലർ പഠനത്തോടൊപ്പം സമാന്തരമായും അല്ലാതെയും തൊഴിലധിഷ്ഠിത കോഴ്സായ ഡി.സി.എ (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) പഠിക്കാനുള്ള അവസരം.

**ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ്**

- ഹയർസെക്കൻഡറി/തത്തുല്യ കോഴ്സ് വിജയിച്ച 17 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് ഒരു വർഷം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് പഠിക്കാൻ അവസരം.

**ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ്**

- എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സ് വിജയിച്ച 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് ആറുമാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ് പഠിക്കാൻ അവസരം.

**ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് (ഡി. സി. പി. എം)**

- എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സ് വിജയിച്ച 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് ആറുമാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് പഠിക്കാൻ അവസരം.

## ഹയർസെക്കൻഡറി കോഴ്സ് – ഓപ്പൺ റെഗുലർ

സ്കോൾ-കേരള മുഖേന നടത്തുന്ന ഹയർസെക്കൻഡറി ഓപ്പൺ റെഗുലർ കോഴ്സിൽ പ്രാക്ടിക്കൽ/പ്രാക്ടിക്കൽ ഇതര വിഷയങ്ങൾ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു. സംസ്ഥാന ഹയർ സെക്കണ്ടറി റെഗുലർ കോഴ്സിന് സമാനമാണിത്. കോഴ്സിന്റെ ഉള്ളടക്കം, നിരന്തരവും സമഗ്രവുമായ മൂല്യനിർണയം, പൊതുപരീക്ഷ, സർട്ടിഫിക്കറ്റ് എന്നിവയിലെല്ലാം സമാനത പുലർത്തുന്നു.

**പഠന പിന്തുണ സംവിധാനം**

വിദ്യാർഥികൾക്ക്, പാഠഭാഗങ്ങൾ വളരെ എളുപ്പം ഗ്രഹിക്കാൻ സാധിക്കുംവിധം ഹയർ സെക്കൻഡറി പാഠപുസ്തകത്തെ അടിസ്ഥാനമാക്കി വികസിപ്പിച്ച സ്വയംപഠന സഹായികൾ നൽകും. പഠന സഹായികൾ അതത് പഠനകേന്ദ്രം /പഠിതാവിന്റെ മേൽ വിലാസത്തിൽ ലഭ്യമാക്കും. സ്കോൾ-കേരള അനുവദിക്കുന്ന പഠനകേന്ദ്രത്തിൽ അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക ക്ലാസുകളിൽ വിദ്യാർത്ഥികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സ്വയംപഠനസഹായികൾ അടിസ്ഥാനമാക്കിയുള്ള പഠനത്തിൽ വിദ്യാർഥികൾക്ക് ഉണ്ടാകാവുന്ന സംശയങ്ങളുടെ നിവാരണമാണ് സമ്പർക്ക ക്ലാസുകളുടെ ലക്ഷ്യം. പഠനകേന്ദ്രത്തിലെ പ്രിൻസിപ്പാളിന്റെ മേൽനോട്ടത്തിൽ കോഡിനേറ്റിംഗ് ടീച്ചർ സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഗവ.ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരാണ് സമ്പർക്ക ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. സമ്പർക്ക ക്ലാസുകളിൽ 70% ഹാജർ നിർബന്ധമാണ്. **(ഓപ്പൺ റെഗുലർ പഠനകേന്ദ്രങ്ങളുടെ പട്ടിക, അനുബന്ധം – 1)**

പ്രാക്ടിക്കൽ ഉള്ള വിഷയങ്ങൾക്ക് ലാബ് സൗകര്യം ഉണ്ടായിരിക്കും. ഓരോ വിഷയത്തിനും 30 മണിക്കൂർ ദൈർഘ്യമുള്ള സമ്പർക്ക ക്ലാസുകളിൽ വിദ്യാർഥിയെ സമഗ്രവും നിരന്തരവുമായ മൂല്യനിർണയ ഉപാധികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതാണ്.

**സമ്പർക്ക ക്ലാസുകളുടെ ദൈർഘ്യം**

| വർഷം | തിയറി | പ്രാക്ടിക്കൽ |
|---|---|---|
| ഒന്നാംവർഷം ഓരോ വിഷയത്തിനും | 30 മണിക്കൂർ വീതം | ഇല്ല |
| രണ്ടാംവർഷം പ്രാക്ടിക്കൽ ഉള്ള വിഷയത്തിന് | 30 മണിക്കൂർ വീതം | 20 മണിക്കൂർ വീതം |
| രണ്ടാംവർഷം പ്രാക്ടിക്കൽ ഇല്ലാത്ത വിഷയത്തിന് | 30 മണിക്കൂർ വീതം | ഇല്ല |

### ഓപ്പൺ റെഗുലർ കോഴ്സിന് തെരഞ്ഞെടുക്കാവുന്ന സബ്ജക്ട് കോമ്പിനേഷനുകൾ

സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ ചുവടെ നൽകിയിട്ടുള്ള പട്ടികയിൽ നിന്നും വിദ്യാർത്ഥി പാർട്ട് I-( ഇംഗ്ലീഷ്), പാർട്ട് II-(രണ്ടാംഭാഷകളിൽ ഏതെങ്കിലും ഒന്ന്), പാർട്ട് III-ലെ സബ്ജക്ട് കോമ്പിനേഷനുകളിൽ നിന്ന് ഏതെങ്കിലും ഒരു സബ്ജക്ട് കോഡ് പ്രകാരമുള്ള വിഷയങ്ങൾ കൂടി തെരഞ്ഞെടുത്ത് പഠിക്കേണ്ടതാണ്.

**സയൻസ് വിഭാഗം** (Science Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | ഒന്നാം ഭാഷ | ഇംഗ്ലീഷ് (നിർബന്ധം) |
| II | രണ്ടാം ഭാഷ | മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിൽ ഒന്ന് നിർബന്ധം |
| III | 01 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, **ബയോളജി** |
| | 05 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്. **കമ്പ്യൂട്ടർ സയൻസ്** |
| | 09 | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, **സൈക്കോളജി** |

**ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്** (Humanities Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | ഒന്നാം ഭാഷ | ഇംഗ്ലീഷ് (നിർബന്ധം) |
| II | രണ്ടാം ഭാഷ | മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിൽ ഒന്ന് നിർബന്ധം |
| III | 10 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, **ജോഗ്രഫി** |
| | 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, **സോഷ്യോളജി** |
| | 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, **സോഷ്യൽ വർക്ക്** |
| | 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, **സ്റ്റാറ്റിസ്റ്റിക്സ്** |

## **കൊമേഴ്സ് ഗ്രൂപ്പ്** (Commerce Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | ഒന്നാം ഭാഷ | ഇംഗ്ലീഷ് (നിർബന്ധം) |
| II | രണ്ടാം ഭാഷ | മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിൽ ഒന്ന് നിർബന്ധം |
| III | 36 | ബിസിനസ് സ്റ്റഡീസ്, *അക്കൗണ്ടൻസി, ഇക്കണോമിക്സ്, **മാത്തമാറ്റിക്സ്** |
| | 37 | ബിസിനസ് സ്റ്റഡീസ്, *അക്കൗണ്ടൻസി, ഇക്കണോമിക്സ്, **സ്റ്റാറ്റിസ്റ്റിക്സ്** |
| | 38 | ബിസിനസ് സ്റ്റഡീസ്, *അക്കൗണ്ടൻസി, ഇക്കണോമിക്സ്, **പൊളിറ്റിക്കൽ സയൻസ്** |
| | 39 | ബിസിനസ് സ്റ്റഡീസ്, *അക്കൗണ്ടൻസി, ഇക്കണോമിക്സ്, **കമ്പ്യൂട്ടർ ആപ്ലിക്കേഷൻ** |

***കൊമേഴ്സ് ഗ്രൂപ്പിൽ ഓപ്പൺ റഗുലർ വിദ്യാർഥികൾക്ക് അക്കൗണ്ടൻസി വിഷയത്തിന്** Computerised Accounting (CA), Analysis of Financial Statement (AFS) **ഇവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നിർദ്ദിഷ്ട ഫീൽഡിൽ നിർബന്ധമായും ഇക്കാര്യം വ്യക്തമാക്കണം.**

### ഫീസ് ഘടന (ഓപ്പൺ റെഗുലർ)

| സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ | ഒന്നാം തവണ | | | | | | രണ്ടാം തവണ | ആകെ കോഴ്സ് ഫീസ് |
|---|---|---|---|---|---|---|---|---|---|
| | | കോഴ്സ് ഫീസ് | ലാബ് ഫീസ് | കോഷൻ ഡിപ്പോസിറ്റ് | തപാൽ ചാർജ് | ഓൺലൈൻ പ്രോസസിംഗ് ചാർജ് | ആകെ | | |
| **സയൻസ്** | | | | | | | | | |
| 01 | ബയോളജി | 975 | 1250 | 500 | 200 | 25 | 2950 | 900 | 3850 |
| 05 | കമ്പ്യൂട്ടർ സയൻസ് | 975 | 1350 | 600 | 200 | 25 | 3150 | 900 | 4050 |
| 09 | സൈക്കോളജി | 975 | 1250 | 500 | 200 | 25 | 2950 | 900 | 3850 |
| **ഹ്യൂമാനിറ്റീസ്** | | | | | | | | | |
| 10 | ജോഗ്രഫി | 975 | 600 | 100 | 200 | 25 | 1900 | 900 | 2800 |
| 11 | സോഷ്യോളജി | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 16 | സോഷ്യൽ വർക്ക് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 30 | സ്റ്റാറ്റിസ്റ്റിക്സ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| **കൊമേഴ്സ്** | | | | | | | | | |
| 36 | മാത്തമാറ്റിക്സ് | 975 | Nil | 200 | 200 | 25 | 1400 | 900 | 2300 |
| 37 | സ്റ്റാറ്റിസ്റ്റിക്സ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 38 | പൊളിറ്റിക്കൽ സയൻസ് | 975 | Nil | Nil | 200 | 25 | 1200 | 900 | 2100 |
| 39 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 975 | 600 | 100 | 200 | 25 | 1900 | 900 | 2800 |

### ഓപ്പൺ റഗുലർ കോഴ്സ് – രണ്ടാം ഗഡു ഫീസ് ശേഖരണം

**ഓപ്പൺ റെഗുലർ വിദ്യാർഥികൾക്ക് കോഴ്സ് ഫീസ് ഒറ്റ തവണയായോ രണ്ടു തവണകളായോ ഒടുക്കാവുന്നതാണ്. ഒന്നാംവർഷം പ്രവേശനം നേടിയ അതേ വർഷം ഡിസംബർ 31 ന് മുൻപായി രണ്ടാം ഗഡു ഫീസ് നിർബന്ധമായും ഒടുക്കേണ്ടതാണ്. ജനുവരി 31 വരെ 30/– രൂപ പിഴയോടെ ഫീസ് അടക്കാം.**

**ഫീസ് ഒടുക്കൽ രീതി – ഓൺലൈൻ പെയ്മെന്റ് മോഡ് വഴി മാത്രമേ ഫീസ് ഒടുക്കാൻ സാധിക്കുകയുള്ളൂ**

**രണ്ടാം വർഷ വിദ്യാർത്ഥികൾ ഹയർസെക്കണ്ടറി പരീക്ഷ ഫീസ് ഒടുക്കുന്നതിനുള്ള അപേക്ഷ ഫാറത്തിനോടൊപ്പം സ്കോൾ–കേരള ജില്ലാകോഡിനേറ്റർ അനുവദിക്കുന്ന No dues സർട്ടിഫിക്കറ്റ് സഹിതം അതാത് പരീക്ഷകേന്ദ്ര ങ്ങളിൽ ഫീസ് ഒടുക്കേണ്ടതാണ്.**

## ഹയർസെക്കൻഡറി – പ്രൈവറ്റ് രജിസ്ട്രേഷൻ

ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഇവയിൽ ഒരു ഗ്രൂപ്പിലെ സബ്ജക്ട് കോഡ് പ്രകാരം ഏതെങ്കിലും ഒരു സബ്ജക്ട് കോമ്പിനേഷൻ തിരഞ്ഞെടുത്ത് പ്രൈവറ്റായി പഠനം നടത്തുന്നതിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ നേടിയ വിദ്യാർഥികൾ സ്കോൾ-കേരള അനുവദിക്കുന്ന പരീക്ഷാകേന്ദ്രങ്ങളിൽ ഒന്നും രണ്ടും വർഷ ഹയർസെക്കൻഡറി പരീക്ഷ എഴുതേണ്ടതാണ്. ഒന്നും രണ്ടും വർഷ പരീക്ഷകളോടനുബന്ധിച്ച് നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന്റെ ഭാഗമായുള്ള പ്രോജക്ട്, അസൈൻമെന്റ് എന്നിവ തയാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഓരോ വർഷവും രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിക്കും. ഓറിയന്റേഷൻ ക്ലാസിൽ വിദ്യാർത്ഥികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### പ്രൈവറ്റ് രജിസ്ട്രേഷന് തെരഞ്ഞെടുക്കാവുന്ന സബ്ജകട് കോമ്പിനേഷനുകൾ

ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ താഴെ നൽകിയിട്ടുള്ള പട്ടികയിൽ നിന്നും വിദ്യാർഥി പാർട്ട് I-(ഇംഗ്ലീഷ്), പാർട്ട്-II (രണ്ടാം ഭാഷകളിൽ ഏതെങ്കിലും ഒന്ന്) പാർട്ട് III ലെ സബ്ജക്ട് കോമ്പിനേഷനുകളിൽ നിന്ന് ഏതെങ്കിലും ഒരു സബ്ജക്ട് കോഡ് പ്രകാരമുള്ള വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കേണ്ടതാണ്.

**ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്** (Humanities Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് (നിർബന്ധം) |
| II | | രണ്ടാം ഭാഷ (മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിൽ ഒന്ന് നിർബന്ധം) |
| III | 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | 15 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| | 18 | ഇസ്ലാമിക് ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| | 28 | ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം (സാഹിത്യം), സംസ്കൃതം (ശാസ്ത്രം) |
| | 46 | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

**കൊമേഴ്സ് ഗ്രൂപ്പ്** (Commerce Group)

| പാർട്ട് | സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ |
|---|---|---|
| I | | ഇംഗ്ലീഷ് (നിർബന്ധം) |
| II | | രണ്ടാം ഭാഷ (മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നഡ, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ, റഷ്യൻ ഇവയിൽ ഒന്ന് നിർബന്ധം) |
| III | 38 | ബിസിനസ് സ്റ്റഡീസ്, *അക്കൗണ്ടൻസി (AFS), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

***കൊമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി വിഷയത്തിൽ അനാലിസിസ് ഓഫ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് (AFS) മാത്രമേ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് അനുവദനീയമായിട്ടുള്ളൂ.**

### ഫീസ് ഘടന – പ്രൈവറ്റ് രജിസ്ട്രേഷൻ

ഹയർസെക്കൻഡറി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് രണ്ടു വർഷത്തേക്കുള്ള രജിസ്ട്രേഷൻ ഫീസ് ആകെ 560 രൂപയാണ്.

(രജിസ്ട്രേഷൻ ഫീസ് 500/- രൂപ, തപാൽ ചാർജ് 35/- രൂപ ഓൺലെയിൻ പ്രോസസിംഗ് ചാർജ് 25/- രൂപ ക്രമത്തിൽ)

## ഹയർസെക്കൻഡറി ഓപ്പൺ റെഗുലർ/ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

### ഹയർസെക്കൻഡറി കോഴ്സ് പ്രവേശനത്തിനുള്ള യോഗ്യത

എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ടി.എച്ച്. എസ്.എൽ.സി തുടങ്ങിയ സ്കീമുകളിൽ പരീക്ഷ വിജയിച്ചവർക്കും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ ഗ്രേഡിംഗ് സമ്പ്രദായത്തിൽ എഴുതിയവർ എല്ലാ വിഷയത്തിനും കുറഞ്ഞത് D+ ഗ്രേഡും, മറ്റുള്ളവർ നിർദ്ദിഷ്ടമാർക്കോടെ ഉന്നതപഠനത്തിന് യോഗ്യത നേടിയിരിക്കണം. അല്ലെങ്കിൽ എസ്.എസ്.എൽ.സിക്ക് തത്തുല്യമായി സർക്കാർ അംഗീകരിച്ച നിർദ്ദിഷ്ട യോഗ്യത നേടിയിരിക്കണം. ഇപ്രകാരമുള്ളവർ എല്ലാ വിഷയങ്ങൾക്കും അതാത് പരീക്ഷാ ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക്/ഗ്രേഡ് നേടിയിരിക്കണം. **സാക്ഷരതാമിഷൻ, എൻ.ഐ.ഒ.എസ്, മറ്റ് ഓപ്പൺ സ്കൂൾ സംവിധാനം, വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള പരീക്ഷ ബോർഡുകളിൽ നിന്ന് എസ്.എസ്.എൽ.സി.ക്ക് തത്തുല്യ യോഗ്യത നേടിയവർ, സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, കേരള അനുവദി ക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം.**

സെക്കന്ററി തലത്തിൽ NIOS മുഖാന്തിരം തത്തുല്യ യോഗ്യത നേടിയ വിദ്യാർഥികൾക്ക് സ്കോൾ-കേരളയിൽ ഒന്നാംവർഷ പ്രവേശനം ലഭിക്കുന്നതിന് 24.10.2019-ലെ സർക്കാർ ഉത്തരവ് (സാധ.) നം. 4411/2019/പൊ.വി.വ. പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി തുല്യത സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് ഒന്നാംവർഷ പ്രവേശനം അനുവദിക്കുന്നതായിരിക്കും. **(ഗവ. ഉത്തരവുകൾ – അനുബന്ധം 2, 2എ)**

എ) എൻ.ഐ.ഒ.എസ് സെക്കണ്ടറി തലത്തിൽ രണ്ട് ഭാഷാ വിഷയങ്ങളും സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, ഗണിതം എന്നീ മൂന്ന് വിഷയങ്ങൾ ഉൾപ്പെടെ അഞ്ച് വിഷയങ്ങൾ നിർബന്ധ മായും പഠിക്കുകയും ഓരോ വിഷയത്തിനും കുറഞ്ഞത് ഡി + ഗ്രേഡ് അല്ലെങ്കിൽ 30% മാർക്ക് നേടി ഉപരിപഠനത്തിന് യോഗ്യത നേടിയിരിക്കുകയും വേണം.

ബി) രണ്ട് ഭാഷാവിഷയങ്ങളിൽ ഒന്ന് മാതൃഭാഷയായ മലയാളമായിരിക്കണം.

സി) മലയാള ഭാഷ പഠിക്കാത്ത വിദ്യാർഥികൾ കേരള സർക്കാർ അംഗീകരിക്കുന്ന മലയാളം സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ പാസാകുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന തുല്യത സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്താൽ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്.

ഡി) തുല്യത സർട്ടിഫിക്കറ്റിന് അപേക്ഷിക്കുവാൻ അപേക്ഷകൻ/അപേക്ഷയ്ക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം.

**2011-12 അധ്യയനവർഷം മുതൽ രജിസ്റ്റർ ചെയ്യുന്ന എൻ.ഐ.ഒ.എസ് സെക്കണ്ടറി അപേക്ഷകർക്ക് മാത്രമേ മേൽ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുകയുള്ളു (ഉത്തരവ് അനുബന്ധം 2 ബി)**

**10.01.2019 ലെ സർക്കുലർ നം. Acad 3/2019 മുഖേന സി.ബി.എസ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സിമിതി കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Mathematics- Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർസെക്കണ്ടറി തലത്തിൽ Mathematics ഉൾപ്പെട്ടിട്ടുള്ള സയൻസ് വിഷയ കോമ്പിനേഷൻ ഓപ്ഷനായി തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളു. (അനുബന്ധം 3)**

**അപേക്ഷകർക്ക് ഉയർന്ന പ്രായപരിധി ഇല്ല**

## പ്രവേശനത്തിനുള്ള പ്രായപരിധി

അപേക്ഷകർക്ക് 2026 ജൂൺ മാസം ഒന്നിന് 15 വയസ്സ് പൂർത്തിയായിരിക്കണം. കേരളത്തിലെ പൊതു പരീക്ഷാബോർഡിൽ നിന്ന് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് സ്കോൾ-കേരളയിലെ പ്രവേശനത്തിന് കുറഞ്ഞ പ്രായപരിധിയില്ല. മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയിൽ 6 മാസം വരെ ഇളവ് അനുവദിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരമുണ്ട്.

## ഫീസ് അടയ്ക്കേണ്ട രീതി (എല്ലാ കോഴ്സുകൾക്കും)

2020-21 അധ്യയനവർഷം മുതൽ സ്കോൾ-കേരള മുഖേനയുള്ള വിവിധ കോഴ്സുകളുടെ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ മുഖേന വിദ്യാർഥികൾ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്തശേഷം പേയ്മെന്റ് മോഡിൽ ഓൺലൈൻ തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. ഡെബിറ്റ് കാർഡ് മുഖേന 6500/- രൂപ വരെയുള്ള ഫീസ് അടയ്ക്കുന്നതിനും യു.പി.ഐ. മുഖേനെയുള്ള ഇടപാടുകൾക്കും സർവീസ് ചാർജ് നൽകേണ്ടതില്ല. മറ്റ് സർവീസ് ചാർജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Item | Service charge |
|---|---|---|
| 1. | Debit Card Transactions upto Rs. 6500/- | Nil |
| 2. | Debit Card Transactions above Rs. 6500/- | 1.20% of Transaction amount+ GST |
| 3. | All bank Rupay Debit Card (All amount) | Nil |
| 4. | Credit Card (All amounts) | 1.20% of Transaction amount+ GST |
| 5. | UPI Transactions (All amounts) | Nil |
| 6. | Internet Banking<br>1. SBI (All amounts)<br>2. Other Banks (All amounts) | <br>Rs. 5 + GST<br>Rs. 7 + GST |

ഓൺലൈൻ ട്രാൻസാക്ഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിദ്യാർഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

## മറ്റ് സേവനങ്ങൾക്കുള്ള ഫീസ്

- ഫൈൻ കണക്കാക്കുന്നത് നിശ്ചിത ഫീസ് അടച്ച തീയതിയെ അടിസ്ഥാനമാക്കിയാണ്.
- സ്കോൾ-കേരള മുഖേനെയുള്ള വിവിധ കോഴ്സുകളുടെ ഫീസ് നിർണയിക്കാനുള്ള അധികാരം എക്സിക്യൂട്ടീവ് കൗൺസിലിൽ നിക്ഷിപ്തമാണ്.
- **വിവിധ കോഴ്സുകൾക്ക് അപേക്ഷ സ്വീകരിക്കുന്ന തീയതികൾ സ്കോൾ-കേരള വെബ്സൈറ്റിലൂടെയും പത്രമാധ്യമങ്ങൾ മുഖേനെയും അറിയിക്കുന്നതാണ്.**

| ക്രമ നം. | സേവനങ്ങൾ | ഫീസ് |
|---|---|---|
| 1. | ഡ്യൂപ്ലിക്കേറ്റ് ഐഡി കാർഡ് | |
| | 1. ഹയർസെക്കണ്ടറി | 30/- രൂപ |
| | 2. ഡി.ഡി.എൻ.സി | 50/- രൂപ |
| | 3. യോഗ, ഡി.സി.പി.എം | 50/- രൂപ |
| 2. | ഡ്യൂപ്ലിക്കേറ്റ് ടിസി | 125/- രൂപ |
| 3. | കോഴ്സ് ക്യാൻസലേഷൻ | 150/- രൂപ |
| 4. | **ഫൈൻ (രജിസ്ട്രേഷൻ)** | |
| | 1. ഹയർസെക്കണ്ടറി കോഴ്സ് | 60/- രൂപ |
| | 2. യോഗ, ഡി.ഡി.എൻ.സി, ഡി.സി.പി.എം | 100/- രൂപ വീതം |
| | 3. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് | 60/- രൂപ |
| | **കോഴ്സ് ഫീസ് രണ്ടാംഗഡു - ഫൈൻ** | |
| | 1. ഓപ്പൺ റഗുലർ | 30/- രൂപ |
| | 2. ഡി.സി.എ | 50/- രൂപ |
| | 3. യോഗ, ഡി.ഡി.എൻ.സി, ഡി.സി.പി.എം | 100/- രൂപ വീതം |
| 5. | കൺഡോണേഷൻ ഫീസ് | |
| | ഡി.സി.എ, യോഗ, ഡി.ഡി.എൻ.സി, ഡി.സി.പി.എം | 100/- രൂപ വീതം |
| 6. | **ഫൈൻ (പരീക്ഷ)** | |
| | 1. ഡി.സി.എ | 20/-രൂപ |
| | 2. യോഗ, ഡി.ഡി.എൻ.സി,ഡി.സി.പി.എം | 100/-രൂപ വീതം |

**സ്കോൾ–കേരളയിൽ ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല**

**ട്രഷറി, ബാങ്കുകൾ, പോസ്റ്റോഫീസ് മുഖേനെ ഫീസ് അടച്ച ചെലാൻ, ഡിമാന്റ് ഡ്രാഫ്റ്റ് ഇവ സ്വീകരിക്കുന്നതല്ല.**

## ഓൺലൈൻ രജിസ്ട്രേഷൻ – നിർദേശങ്ങൾ

**സ്കോൾ-കേരള രജിസ്ട്രേഷൻ നടപടികൾ പൂർണമായും ഓൺലൈൻ സമ്പ്രദായത്തിലാണ്**

- സ്കോൾ-കേരള മുഖാന്തിരം ഹയർസെക്കൻഡറി ഓപ്പൺ റെഗുലർ/പ്രൈവറ്റ് രജിസ്ട്രേഷൻ നേടുന്നതിനായി സ്കോൾ-കേരളയുടെ www.scolekerala.org എന്ന വെബ്സൈറ്റിൽ നിശ്ചിത തീയതികൾക്കുള്ളിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.
- **2025-2026 അധ്യയനവർഷം സംസ്ഥാനത്ത് നിന്ന് എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വർ, 2009 മാർച്ച് മുതലുള്ള എസ്.എസ്.എൽ.സി പരീക്ഷയിൽ ആദ്യ ചാൻസിൽ ഉപരി പഠനയോഗ്യത നേടിയവർ Name of Board സെലക്ഷനിൽ SSLC (2009 ONWARDS) എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക. നിർദ്ദിഷ്ട ഉപരിപഠന യോഗ്യത നേടിയ മറ്റു വിദ്യാർഥികൾ (CBSE, ICSE, NIOS സാക്ഷരതാമിഷൻ, മറ്റ് ഓപ്പൺ ഓപ്പൺ സ്കൂൾ സംവിധാനം, വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള പരീക്ഷ ബോർഡുകളിൽ നിന്നും മറ്റും) അതാത് ബോർഡ് ഓപ്ഷൻ സെലക്ട് ചെയ്തുമാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ INSTRUCTIONS വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രമാണ് അപേക്ഷകന്റെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.**
- രജിസ്ട്രേഷൻ ആവശ്യത്തിന് upload ചെയ്യേണ്ട ഫോട്ടോ jpg/jpeg ഫോർമാറ്റിൽ ഉള്ളതും 24 KB മുതൽ 60 KB (100px x 150px മുതൽ 200 px × 200 px) സൈസ് ഉള്ളതുമായിരിക്കണം. **വിദ്യാർഥികൾ ആറുമാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോയാണ് അപ്ലോഡ് ചെയ്യേണ്ടത്. പാസ്പോർട്ട് സൈസ് ഫോട്ടോ അല്ലാത്ത അപേക്ഷ അസാധുവായി കണക്കാക്കും.**
- 2009 മുതൽ **ആദ്യ ചാൻസിൽ** സംസ്ഥാനത്തുനിന്നും എസ്.എസ്.എൽ.സി. പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർഥികൾ രജിസ്റ്റർ നമ്പർ, യോഗ്യത നേടിയ മാസം, വർഷം എന്നിവ enter ചെയ്ത് ഫോട്ടോ upload ചെയ്ത ശേഷം വിദ്യർഥികളുടെ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടെയുള്ള ഫീൽഡു കൾ ലഭ്യമാകും.
- **ഓൺലൈൻ മോഡിൽ ഫീസ് ഒടുക്കി ഘട്ടം ഘട്ടമായി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും ഹാർഡ് കോപ്പി സ്വീകരിക്കുന്നതിനാൽ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട അവശ്യരേഖകൾ അപ്ലോഡ് ചെയ്യണമെന്നില്ല.**
- ഓൺലൈൻ രജിസ്ട്രേഷൻ confirm ചെയ്തശേഷം രജിസ്ട്രേഷൻ പ്രിന്റൗട്ടിനോടൊപ്പം ലഭിക്കുന്ന **user name, password ഇവ നിർബന്ധമായും വിദ്യാർഥി സൂക്ഷിക്കേണ്ടതാണ്.**
- സ്കോൾ-കേരളയുടെ സംസ്ഥാന ഓഫീസിൽ നിന്നും രജിസ്ട്രേഷൻ അനുവദിച്ച് അലോട്ട്മെന്റ് പ്രക്രിയ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിദ്യാർഥികൾക്ക് എസ്.എം.എസ്. അലർട്ട് ലഭിക്കുന്നതാണ്. ഇതിനുശേഷം വിദ്യാർഥികൾ user name, password ഇവ ഉപയോഗിച്ച് തിരിച്ചറിയിൽ കാർഡ് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പഠന/പരീക്ഷാകേന്ദ്രം കോഡിനേറ്റിംഗ് ടീച്ചർ മുമ്പാകെ ഹാജരാക്കി അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഠനകാലയളവിലും അതിനു ശേഷവും എല്ലാ ഓഫീസ് ആവശ്യങ്ങൾക്കും തിരിച്ചറിയൽ കാർഡ് അവശ്യരേഖയാണ്.
- ഓൺലൈൻ അപേക്ഷയിൽ അസംബ്ലി നിയോജക മണ്ഡലം, താലൂക്ക്, ബ്ലോക്ക് എന്നിവ നിലവിലെ താമസസ്ഥലത്തെ അടിസ്ഥാനമാക്കി രേഖപ്പെടുത്തേണ്ടതാണ്.
- ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്തശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടിലെ Declaration പൂരിപ്പിച്ച് നിർദ്ദിഷ്ടസ്ഥലങ്ങളിൽ ഒപ്പ് രേഖപ്പെടുത്താൻ പ്രത്യേകം

ശ്രദ്ധിക്കണം.

- **ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി confirm ചെയ്ത അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ജില്ലാകേന്ദ്രങ്ങൾ മുഖേന Edit ചെയ്ത് തെറ്റ് തിരുത്താവുന്നതാണ്.**

## ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. SSLC - 2009 ONWARDS എന്ന ഓപ്ഷനിലൂടെ രജിസ്റ്റർ ചെയ്തവർ സ്വയം സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി.സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ്.
2. ഓൺലൈൻ രജിസ്ട്രേഷൻ സ്യൂട്ടിലെ **മറ്റ് ഓപ്ഷൻ** മുഖേന രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ **എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കറ്റിന്റെ ഒറിജിനലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ** ഒരു പകർപ്പും.
3. അസ്സൽ ടി.സി (ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്)
4. ഓൺലൈൻ ട്രാൻസാക്ഷൻ ഐഡി രേഖപ്പെടുത്തിയിട്ടുള്ള അസ്സൽ ഓൺലൈൻ രസീത് ഹാജരാക്കേണ്ടതാണ്.
5. ഹയർസെക്കണ്ടറി ഓപ്പൺ റെഗുലർ കോഴ്സിൽ 01, 05, 09,10, 36, 39 എന്നീ സബ്ജക്ട് കോഡുകളിലെ വിഷയ കോമ്പിനേഷൻ തിരഞ്ഞെടുത്ത വിദ്യാർഥികൾ, ഡി.സി.എ കോഴ്സ് വിദ്യാർത്ഥികൾ എന്നിവർ കോഴ്സ് കാലാവധി കഴിഞ്ഞ് അക്കൗണ്ട് മുഖേന കോഷൻ ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുന്നതിനായി വിദ്യാർഥി/മാതാവ്/പിതാവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **(അക്കൗണ്ട് ഉടമയുടെ പേര്, ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്) രേഖപ്പെടുത്തിയിട്ടുള്ള പാസ്സ് ബുക്ക് പേജിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.**
6. കോഷൻ ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കേണ്ട വിദ്യാർഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം **മുൻകൂർ രസീതിന്റെ പ്രിന്റ് ഔട്ട്** സമർപ്പിക്കേണ്ടതാണ്.
7. വിദ്യാർഥികളുടെ പത്താംതരം യോഗ്യതാ സർട്ടിഫിക്കറ്റിൽ രക്ഷകർത്താക്കളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് തെളിയിക്കുന്നതിന് രക്ഷകർത്താക്കളുടെ തിരഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ രേഖ/ആധാർ കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
8. മറ്റു സംസ്ഥാനങ്ങൾ, രാജ്യങ്ങൾ മുഖേന എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യത നേടിയവർ അസ്സൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9. **സാക്ഷരതാ മിഷൻ, എൻ.ഐ.ഒ.എസ്, മറ്റ് ഓപ്പൺ സ്കൂൾ സംവിധാനം, വിവിധ സംസ്ഥാനങ്ങൾ, രാജ്യങ്ങൾ എന്നിവിടങ്ങളിലെ പരീക്ഷ ബോർഡ് മുഖേന എസ്.എസ്.എൽ.സി.ക്ക് തത്തുല്യയോഗ്യത നേടിയവർ, സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, കേരള അനുവദിക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം.**
10. മുൻവർഷങ്ങളിൽ ഹയർസെക്കൻഡറി, പ്രീഡിഗ്രി, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ ബോർഡുകൾ മുഖേനെയോ മറ്റു തത്തുല്യകോഴ്സുകളോ പഠിക്കുകയും ഇടയ്ക്കുവച്ച് പഠനം നിർത്തുകയുംചെയ്ത വിദ്യാർഥികൾ മുൻ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ബന്ധപ്പെട്ട പരീക്ഷാബോർഡ് അനുവദിക്കുന്ന ക്യാൻസലേഷൻ മെമ്മോ ഹാജരാക്കേണ്ടതാണ്.
11. പ്രൈവറ്റ് Over aged (POC) ആയി നിർദ്ദിഷ്ട യോഗ്യത നേടിയവർ 50/- രൂപയിൽ

കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തിൽ അവസാനം പഠിച്ച സ്കൂളിൽനിന്നും അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് വാങ്ങി ഹാജരാക്കേണ്ടതാണ്.

**12. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികളാണെങ്കിൽ ആയത് തെളിയിക്കുന്നതിന് വിദ്യാർത്ഥിയുടെ പേര് ഉൾപ്പെട്ട ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പും വിദ്യാർഥി/മാതാവ്/പിതാവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പാസ്സ് ബുക്ക് പേജിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.**

## അപേക്ഷ സമർപ്പിക്കേണ്ട വിധം

- നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ നിശ്ചിത തീയതിക്കകം അതാത് ജില്ലാകേന്ദ്രങ്ങളിൽ നേരിട്ടോ, സ്പീഡ്/രജിസ്ട്രേഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കാവുന്നതാണ്. നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവർ കൈപ്പറ്റ് രസീത് വാങ്ങാൻ പ്രത്യേകം ശ്രദ്ധിക്കണം. (**ജില്ലാ കേന്ദ്രങ്ങളുടെ വിലാസം അനുബന്ധം 4)**

## പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ

വിഭിന്ന ശേഷി വിഭാഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട ഫീൽഡുകളിൽ നിർബന്ധമായും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിദ്യാർഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടിനോടൊപ്പം തങ്ങൾക്ക് 40% ൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡ് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

## പഠന/പരീക്ഷാകേന്ദ്രം തെരഞ്ഞെടുക്കൽ

- ഓപ്പൺറഗുലർ വിദ്യാർഥികൾ 3 പഠനകേന്ദ്രങ്ങൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.
- ഹയർസെക്കൻഡറി കോഴ്സ് പ്രൈവറ്റ് വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾ 10 പരീക്ഷാകേന്ദ്രങ്ങൾ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.
- പഠന/പരീക്ഷാകേന്ദ്രങ്ങളുടെ താലൂക്ക് അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന പട്ടികയിൽ നിന്ന് പഠന/പരീക്ഷാകേന്ദ്രങ്ങളുടെ പേര്, സ്ഥലം എന്നിവ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം ഇവ തെരഞ്ഞെടുക്കേണ്ടതാണ്.
- ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾ മുൻഗണനാക്രമത്തിൽ രണ്ട് പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുത്താൽ മതിയാകും.
- ഒരു പരീക്ഷാകേന്ദ്രത്തിൽ കുറഞ്ഞത് 50 വിദ്യാർഥികൾ എങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ പ്രസ്തുത സ്കൂൾ പഠന/പരീക്ഷാകേന്ദ്രമായി അനുവദിക്കുകയുള്ളൂ.
- പഠന/പരീക്ഷാകേന്ദ്രങ്ങളിൽ വിദ്യാർഥികളെ ഉൾക്കൊള്ളാനുള്ള സൗകര്യംകൂടി പരിഗണിച്ചായിരിക്കും പഠന/പരീക്ഷാകേന്ദ്രം അനുവദിക്കുക.
- ഓരോ പഠന/പരീക്ഷകേന്ദ്രവും അലോട്ട് ചെയ്യുന്നതിന് പ്രിൻസിപ്പാൾമാർ ലഭ്യമാക്കിയിട്ടുള്ള അനുവദനീയമായിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം (കപ്പാസിറ്റി) പൂർത്തിയായാൽ പ്രസ്തുത പഠന/പരീക്ഷ കേന്ദ്രം സ്കൂൾ ഓപ്ഷൻ തെരഞ്ഞെടുക്കുന്ന ലിസ്റ്റിൽ നിന്ന് ഒഴിവാകുന്നതാണ്.
- ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി നിർദ്ദിഷ്ടരേഖകൾ സഹിതം വിദ്യാർത്ഥികൾ ജില്ലാ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന തീയതി അടിസ്ഥാനമാക്കിയാണ് പഠന/ പരീക്ഷകേന്ദ്രങ്ങൾ അനുവദിക്കുന്നത്.

- പഠന/പരീക്ഷാകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും.

### തിരിച്ചറിയൽ കാർഡ്

വിദ്യാർത്ഥികൾക്ക് പഠന/പരീക്ഷാകേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് തങ്ങൾക്ക് ലഭിച്ച യൂസർ നെയിം, പാസ്സ് വേഡ് എന്നിവ ഉപയോഗിച്ച് സ്കോൾ-കേരള വെബ് സൈറ്റിൽനിന്നും തിരിച്ചറിയൽ കാർഡ് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്. പ്രിന്റ് എടുത്ത തിരിച്ചറിയൽ കാർഡ് വിദ്യാർഥി തനിക്ക് അനുവദിച്ച പഠന/പരീക്ഷകേന്ദ്രം കോർഡിനേറ്റിംഗ് ടീച്ചർ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്.

### ഹയർ സെക്കണ്ടറി പുനഃ പ്രവേശനം

ഹയർ സെക്കണ്ടറി കോഴ്സ് പഠന കാലയളവിൽ ഏതെങ്കിലും കാരണങ്ങളാൽ ഇടയ്ക്ക് വച്ച് പഠനം മുടങ്ങിപോയ വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് സർക്കാർ ഉത്തരവുകൾക്കും അതാത് കാലങ്ങളിലെ ഹയർസെക്കണ്ടറി പരീക്ഷാ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്കും വിധേയമായി സ്കോൾ-കേരള മുഖാന്തിരം ചുവടെ ചേർത്തിട്ടുള്ള രീതിയിൽ പുനപ്രവേശനം നേടാൻ അവസരം ലഭിക്കുന്നതാണ്.

* ഹയർ സെക്കണ്ടറി – രണ്ടാം വർഷ പ്രവേശനം
* ഹയർ സെക്കണ്ടറി – രണ്ടാം വർഷ പുനഃപ്രവേശനം

### ഹയർ സെക്കൻണ്ടറി– രണ്ടാം വർഷ പ്രവേശനം

2015 അധ്യയന വർഷം മുതൽ കേരള സിലബസിൽ ഒന്നാം വർഷ ഹയർ സെക്കണ്ടറി കോഴ്സിന് അഡ്മിഷൻ ലഭിച്ച് 2016 മാർച്ച് മുതൽ 2025 മാർച്ച് വരെ നടന്ന ഏതെങ്കിലും ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുകയും രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്.

സി.ബി.എസ്.സി, ഐ.സി.എസ്.ഇ, മറ്റ് സ്റ്റേറ്റ് ബോർഡുകൾ മുഖാന്തിരം ഒന്നാം വർഷ ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കിയ ശേഷം രണ്ടാം വർഷം കേരള സിലബസിൽ സ്കോൾ-കേരള മുഖാന്തിരം പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും (ലാറ്ററൽ എൻട്രി വിഭാഗം) നിബന്ധനകൾക്ക് വിധേയമായി രണ്ടാം വർഷ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാം.

**യോഗ്യതകൾ**

1. രണ്ടാം വർഷ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥി നിർബന്ധമായും അതാത് പരീക്ഷാ ബോർഡിൽ ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്തവരാകണം.
2. ഒന്നാം വർഷത്തിൽ നിന്നും രണ്ടാം വർഷത്തിലേയ്ക്ക് പ്രമോട്ട് ചെയ്ത/ ഒന്നാം വർഷ കോഴ്സ് പൂർത്തിയാക്കിയ അസൽ ടിസി യും അസൽ മാർക്ക് ലിസ്റ്റും നിർബന്ധമായും പ്രവേശന സമയത്ത് ഹാജരാക്കണം.
3. ഒന്നാം വർഷം പഠനം പൂർത്തിയാക്കിയ സ്കൂളിൽ നിന്നും വിദ്യാർത്ഥി “ രണ്ടാം വർഷ

പരീക്ഷ ഫീസ് ഒടുക്കിയിട്ടില്ല" എന്നുള്ള പ്രൻസിപ്പാളിന്റെ സാക്ഷ്യപത്രം പ്രവേശന സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

4. സ്കോൾ കേരളയിൽ ഓപ്പൺ റഗുലർ വിഭാഗത്തിൽ നിലവിലുള്ള സബ്ജക്ട് കോമ്പിനേഷനുകളിൽ മാത്രമേ രണ്ടാം വർഷ പ്രവേശനം അനുവദിക്കുകയുള്ളു.
5. പ്രവേശനം ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ മുഖേന നിശ്ചിത തീയതിക്കുള്ളിൽ രജിസ്റ്റർ ചെയ്യാം. അപേക്ഷയുടെ പ്രിന്റ് ഔട്ടിനൊപ്പം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ടിസി, ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്ക്ലിസ്റ്റ്, പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവയുടെ അസ്സലുകളും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നിശ്ചിത ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത് എന്നിവയും സമർപ്പിക്കേണ്ടതാണ്.
6. വിദ്യാർഥികളുടെ പത്താം തരം യോഗ്യത സർട്ടിഫിക്കറ്റിൽ രക്ഷകർത്താക്കളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് തെളിയിക്കുന്നതിന് രക്ഷകർത്താക്കളുടെ ഇലക്ഷൻ കമ്മീഷൻ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ രേഖ/ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

ഫീസ് ഘടന പേജ് 8 കാണുക

**നിബന്ധനകൾ**

* **ലാറ്ററൽ എൻട്രി മുഖേന രണ്ടാം വർഷം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ നിർബന്ധമായും 2026 ൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി പരീക്ഷാ വിഭാഗം നടത്തുന്ന ഒന്നാം വർഷ ഹയർസെക്കണ്ടറി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഒന്നാം വർഷത്തെ ഉപ ഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും പരീക്ഷ എഴുതണം. ഈ സ്കോറുകൾ കൂടി പരിഗണിച്ചായിരിക്കും അന്തിമ ഫലം നിർണ്ണയിക്കുക. ഒന്നാം വർഷ പരീക്ഷ എല്ലാ വിഷയങ്ങളും എഴുതാത്ത കുട്ടികളുടെ രണ്ടാം വർഷ രജിസ്ട്രേഷൻ നിലനിൽക്കുന്നതല്ല.**
* **മുൻ വർഷങ്ങളിലെ ഒന്നാം വർഷ പൊതു പരീക്ഷയിൽ രജിസ്റ്റർ ചെയ്ത ശേഷം പരീക്ഷയ്ക്ക് ഹാജർ ആകാത്തവർ 2026 ൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്.**
* ലാറ്ററൽ എൻട്രി വിഭാഗം വിദ്യാർത്ഥികൾ അതാത് വിഷയങ്ങളുടെ സി.ഇ. രേഖകൾ മൂല്യനിർണ്ണയത്തിനായി പരീക്ഷ കേന്ദ്രം അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതാണ്.
* വിദ്യാർത്ഥികൾ രജിസട്രേഷനു വേണ്ടി സ്കോൾ കേരളയുടെ വെബ്സൈറ്റ് ആയ www.scolekerala.org യിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.
* പ്രവേശന തീയതികൾ പത്രമാധ്യമങ്ങൾ മുഖേന അറിയിക്കുന്നതാണ്.
* പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി ഹയർസെക്കൻണ്ടറി ഡയറക്ടറേറ്റ് പ്രസിദ്ധപ്പെടുത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പരീക്ഷ ഫീസ് സ്കോൾ കേരള അനുവദിക്കുന്ന പഠന കേന്ദ്രത്തിൽ ഒടുക്കേണ്ടതാണ്.
* പ്രവേശനം നേടിയ വിദ്യാർത്ഥികൾ പഠന കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന രണ്ടാം വർഷ സമ്പർക്ക ക്ലാസുകൾക്ക് നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
* പ്രാക്ടിക്കൽ റെക്കോഡ്, നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ (സി.സി.ഇ) ത്തിന്റെ

ഭാഗമായുള്ള പഠന പ്രവർത്തന രേഖകൾ തുടങ്ങിയവ ബന്ധപ്പെട്ട പഠന കേന്ദ്രം പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**ഫീസ്**

* രണ്ടാം വർഷ പ്രവേശനം നേടുന്ന വിദ്യാർത്ഥി നിർദ്ദിഷ്ട സബ്ജക്ട് കോമ്പിനേഷന് സ്കോൾ കേരള നിശ്ചയിച്ചിട്ടുള്ള ഒന്നും രണ്ടും വർഷത്തെ കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കേണ്ടതാണ്.

**ഹയർ സെക്കണ്ടറി രണ്ടാം വർഷ പുനഃപ്രവേശനം**

2015 അധ്യയന വർഷം മുതൽ കേരള സിലബസിൽ സ്കോൾ കേരള (മുൻപ് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ) ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗങ്ങളിൽ പ്രവേശനം നേടി 2016 മാർച്ച് മുതൽ 2025 മാർച്ച് വരെയുള്ള ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഏതെങ്കിലും കാരണങ്ങളാൽ രണ്ടാം വർഷ പരീക്ഷയ്ക്ക് ഫീസ് ഒടുക്കിയിട്ടില്ലെങ്കിൽ മുമ്പ് രജിസ്റ്റർ ചെയ്തിരുന്ന അതേ സബ്ജക്ട് കോമ്പിനേഷനിൽ രണ്ടാം വർഷം പുനഃ പ്രവേശനത്തിന് അവസരം ലഭിക്കുന്നതാണ്.

**പുനഃപ്രവേശന ഫീസ്**

മുൻ അക്കാദമിക ബാച്ചിൽ (2024-26) രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പുനഃപ്രവേശനം നേടുന്നതിന് 250/- രൂപയും അതിനു മുമ്പ് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ 500/- രൂപയും പുനഃപ്രവേശന ഫീസായി ഓൺലൈനായി ഒടുക്കേണ്ടതാണ്.

### നിബന്ധനകൾ

* **2016 മാർച്ച് മുതൽ സംസ്ഥാന ഹയർസെക്കണ്ടറി പരീക്ഷയ്ക്ക് ഒന്നാം വർഷം രജിസ്റ്റർ ചെയ്യുകയും തുടർന്ന് പരീക്ഷ എഴുതാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികൾ 2026 ൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് നടത്തുന്ന ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്.**
* പ്രവേശന തീയതികൾ സ്കോൾ കേരള പത്ര മാധ്യമങ്ങൾ മുഖേന അറിയിക്കുന്നതാണ്.
* പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി ഹയർസെക്കണ്ടറി പരീക്ഷ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസ് സ്കോൾ കേരള അനുവദിക്കുന്ന പരീക്ഷ കേന്ദ്രത്തിൽ ഒടുക്കേണ്ടതാണ്.
* "രണ്ടാം വർഷ പരീക്ഷ ഫീസ് ഒടുക്കിയിട്ടില്ല" എന്നുള്ള പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം ഒന്നാം വർഷം പരീക്ഷ എഴുതിയ സ്കൂളിൽ നിന്നും വാങ്ങി പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
* അപേക്ഷയുടെ പ്രിന്റ്ഔട്ടിനൊപ്പം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ടിസി, ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്ക്ലിസ്റ്റ്, പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവയുടെ അസ്സലുകളും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നിശ്ചിത ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത് എന്നിവയും സമർപ്പിക്കേണ്ടതാണ്.
* വിദ്യാർഥികളുടെ പത്താം തരം യോഗ്യത സർട്ടിഫിക്കറ്റിൽ രക്ഷകർത്താക്കളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് തെളിയിക്കുന്നതിന് രക്ഷകർത്താക്കളുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ രേഖ/ ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

**സ്പെഷ്യൽ കാറ്റഗറി - ഹയർസെക്കണ്ടറി കോഴ്സ് (പാർട്ട് III)**

04/02/2019 ലെ ജി.ഒ. (എം.എസ്)നം.15/2009/പൊ.വി.വ. പ്രകാരം ഹയർ സെക്കണ്ടറി കോഴ്സ്

ഒരിക്കൽ വിജയിച്ച വിദ്യാർത്ഥികൾക്ക് മുൻ രജിസ്ട്രേഷൻ റദ്ദ് ചെയ്യാതെ സ്കോൾ കേരള മുഖേന പുതിയൊരു സബ്ജക്ട് കോമ്പിനേഷൻ (പാർട്ട് III) തെരഞ്ഞെടുത്ത് പഠിക്കുവാൻ സാധിക്കും. ഇപ്രകാരം പുതുതായി തെരഞ്ഞെടുക്കുന്ന സബ്ജക്ട് കോമ്പിനേഷനിൽ മുമ്പ് വിജയിച്ചിട്ടുള്ള വിഷയങ്ങളുടെ പരീക്ഷ വീണ്ടും എഴുതേണ്ടതില്ല. എന്നാൽ പുതിയ കോമ്പിനേഷനിൽ വിദ്യാർഥി രണ്ടു വർഷവും പഠിക്കേണ്ടതുണ്ട്. **2017 അധ്യയനവർഷം മുതൽ നടത്തിയ ഏതെങ്കിലും രണ്ടാംവർഷ ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയങ്ങളും വിജയിച്ച് ഉപരിപഠനയോഗ്യത നേടിയ വിദ്യാർഥി**

**ഹയർസെക്കണ്ടറി, സ്പെഷ്യൽ കാറ്റഗറി പാർട്ട് - III, രണ്ടാം വർഷ പുനഃപ്രവേശനം/രണ്ടാംവർഷ പ്രവേശനം എന്നിവ സംബന്ധിക്കുന്ന മാനദണ്ഡങ്ങൾ അതത് കാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കും ഹയർസെക്കൻഡറി പരീക്ഷാ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കും.**

# ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ്

**കോഴ്സിന്റെ അംഗീകാരം**

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കാർ ഉത്തരവ്

1. 01.03.2025-ലെ സ.ഉ. (സാധ) നം.1708/2025/പൊവിവ,
2. 29.09.2025-ലെ സ.ഉ.(സാധ) നം.7680/2025/പൊവിവ

(സർക്കാർ ഉത്തരവുകൾ അനുബന്ധം 6,7 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

**പ്രവേശന യോഗ്യത**

കേരള പാഠ്യപദ്ധതി പിൻതുടരുന്ന ഏതെങ്കിലും ഒരു റഗുലർ ഹയർസെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഇക്കണോമിക്സ് ഒരു വിഷയമായി തെരഞ്ഞെടുത്ത് ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർഥിയായിരിക്കണം.

1. ഹ്യൂമാനിറ്റീസ് ഗ്രൂപ്പിലെ ചുവടെ ചേർത്തിട്ടുള്ള സബ്ജക്ട് കോഡുകളിൽ ഹയർസെക്കണ്ടറി ഒന്നാം വർഷം പ്രവേശനം നേടിയിരിക്കണം. സബ്ജക്ട് കോമ്പിനേഷൻ - 10, 11, 12, 13, 14, 15, 16, 17, 18, 20, 21, 22, 23, 24, 25, 26, 27, 28, 30, 32, 33, 41, 42, 43, 45, 46

2. കോമേഴ്സ് ഗ്രൂപ്പിലെ 37, 38, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകളിൽ ഏതെങ്കിലും ഒന്നിൽ ഒന്നാം വർഷം പ്രവേശനം നേടിയിരിക്കണം.

**കോഴ്സ് സിലബസ്**

ഹയർസെക്കണ്ടറി കൊമേഴ്സ് ഗ്രൂപ്പ് മാത്തമാറ്റിക്സ് വിഷയത്തിന്റെ സിലബസ്

**കോഴ്സ് ഫീസ് - 1500/- രൂപ**

(ഒറ്റ തവണ ഓൺലൈനായി ഒടുക്കേണ്ടതാണ്)

**രജിസ്ട്രേഷൻ**

നിർദ്ദിഷ്ടയോഗ്യതയുള്ള വിദ്യാർത്ഥികൾ ചുവടെ ചേർക്കുംപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- ഒന്നാംവർഷ പ്രവേശന അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിശ്ചിത k ab ] cr[ η pÂ nÂ www.scolekerala.org എന്ന വെബ്സൈറ്റിലെ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- ഓൺലൈൻ മോഡിൽ ഫീസ് ഒടുക്കി ഘട്ടം ഘട്ടമായി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.
- വെബ്സൈറ്റിൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ ഫീൽഡുകൾ ദൃശ്യമാകും.
- രജിസ്ട്രേഷൻ ആവശ്യത്തിന് അപ്‌ലോഡ് ചെയ്യേണ്ട ഫോട്ടോ jpg/jpeg ഫോർമാറ്റിൽ ഉള്ളതും (ആറുമാസത്തിനുള്ളിൽ എടുത്തത്) 24 കെ.ബി മുതൽ 60 കെ.ബി (100 x150 മുതൽ 200 x200 px) സൈസ് ഉള്ളതുമായിരിക്കണം. പാസ്പോർട്ട് സൈസ് ഫോട്ടോ അല്ലാത്ത അപേക്ഷ അസാധുവായി കണക്കാക്കും.
- പി.സി.പി ക്ലാസുകൾക്കായി വിദ്യാർഥികൾക്ക് മുൻഗണനാക്രമത്തിൽ ജില്ലയിലെ 3 പഠന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. പഠന കേന്ദ്രം അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം സ്കോൾ - കേരളയിൽ നിക്ഷിപ്തമാണ്.
- സ്കോൾ-കേരള അക്കൗണ്ടിൽ ഓൺലൈൻ മോഡിൽ നിശ്ചിത ഫീസ് ഒടുക്കിയ അസൽ രസീത്, ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, സ്വയം സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതമുള്ള അപേക്ഷ സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോട് കൂടി അവസാന തീയതിക്ക് മുമ്പായി സ്കോൾ-കേരളയുടെ ബന്ധപ്പെട്ട ജില്ല കേന്ദ്രങ്ങളിലോ, സംസ്ഥാന ഓഫീസിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്.

പ്രവേശന നിബന്ധനകൾ

- **അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ നടത്തിപ്പിന്റേയും മാർക്ക്ലിസ്റ്റ് വിതരണത്തിന്റേയും, അധികാരം ബോർഡ് ഓഫ് ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ കേരളയിൽ നിക്ഷിപ്തമായിരിക്കും.**
- **അഡീഷണൽ മാത്തമാറ്റിക്സ് ഒന്നാംവർഷം രജിസ്റ്റർ ചെയ്ത് പി.സി.പി. ക്ലാസിൽ പങ്കെടുക്കുകയും, സി.ഇ. രേഖകൾ സമർപ്പിച്ച് ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷ എഴുതുകയും ചെയ്തിട്ടുള്ള വിദ്യാർഥികളാണ് രണ്ടാം വർഷ അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ എഴുതുവാൻ യോഗ്യരായവർ.**
- **അഡീഷണൽ മാത്തമാറ്റിക്സ് പഠിക്കുന്ന വിദ്യാർഥികൾ ഒന്നും രണ്ടും വർഷ തിയറിയ്ക്ക് 500/- രൂപ വീതം പരീക്ഷ ഫീസും, സർട്ടിഫിക്കറ്റ് ഫീസ് 40/- രൂപയും, രണ്ടാം വർഷത്തെ പ്രായോഗിക പരീക്ഷയ്ക്ക് 250/- രൂപയും റെഗുലർ വിഷയങ്ങളുടെ ഫീസിന് പുറമേ ഹയർസെക്കണ്ടറി പരീക്ഷാ വിഭാഗത്തിൽ ഒടുക്കേണ്ടതാണ്.**

- **അഡീഷണൽ മാത്തമാറ്റിക്സ് വിദ്യാർഥികളുടെ റെഗുലർ കോഴ്സ് സ്കോർ 1200 നും അഡീഷണൽ മാത്തമാറ്റിക്സ് സ്കോർ 200 ലും ആയിരിക്കും. അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം സർട്ടിഫിക്കറ്റ് ആയിരിക്കും. ടി സർട്ടിഫിക്കറ്റ് റഗുലർ കോഴ്സ് സർട്ടിഫിക്കറ്റുമായി കംബൈൻ ചെയ്ത് നൽകുന്നതല്ല.**
- **അഡീഷണൽ മാത്തമാറ്റിക്സിന് സേ, ഇംപ്രൂവ്മെന്റ്, കമ്പാർട്ട്മെന്റൽ പരീക്ഷ കൾ ഉണ്ടായിരിക്കുന്നതല്ല.**
- **അഡീഷണൽ മാത്തമാറ്റിക്സ് വിഷയത്തിനോടൊപ്പം ഗ്രേസ് മാർക്ക് അനുവദിക്കുന്നതല്ല.**
- **ടി വിദ്യാർഥികളുടെ ഒന്നും രണ്ടും വർഷ പരീക്ഷ രജിസ്ട്രേഷൻ റദ്ദ് ചെയ്താൽ അഡീഷണൽ മാത്തമാറ്റിക്സിന്റെ പരീക്ഷ രജിസ്ട്രേഷനും റദ്ദാകുന്നതാണ്.**
- **അഡീഷണൽ മാത്തമാറ്റിക്സിന് പ്രത്യേകം ഹാൾ ടിക്കറ്റായിരിക്കും നൽകുക.**

**പഠനകേന്ദ്രങ്ങൾ**

ജില്ലയിലെ മാത്തമാറ്റിക്സ് വിഷയമുള്ള ഹയർസെക്കണ്ടറി സ്കൂളുകൾ പഠനകേന്ദ്ര മായി അനുവദിക്കുന്നതായിരിക്കും.

പഠനകേന്ദ്രം അനുവദിക്കുന്നതിന് ഒരു കേന്ദ്രത്തിൽ കുറഞ്ഞത് 35 വിദ്യാർത്ഥി കൾ രജിസ്റ്റർ ചെയ്തിരിക്കണം. ഇതിൽ കുറവ് വന്നാൽ ജില്ലയിലെ മറ്റ് പഠനകേന്ദ്രങ്ങ ളുമായി കൂട്ടിചേർത്ത് ക്ലാസുകൾ സംഘടിപ്പിക്കുന്നതാണ്. പഠനകേന്ദ്രം അനുവദിക്കുന്ന തിനുള്ള പൂർണ്ണ അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെ ടുത്ത പഠന കേന്ദ്രങ്ങളുടെ പട്ടിക **അനുബന്ധം 8 ആയി** ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്വയം പഠന സഹായി**

പാഠഭാഗങ്ങൾ ലളിതമായി ഗ്രഹിക്കാൻ സാധിക്കുംവിധം ഹയർസെക്കണ്ടറി പാഠപുസ്തകത്തെ അടിസ്ഥാനമാക്കി സ്കോൾ-കേരള വികസിപ്പിച്ച സ്വയം പഠനസഹായി വിദ്യാർഥികൾക്ക് അനുവദിക്കും. ക്ലാസുകൾ ആരംഭിക്കുന്ന മുറയ്ക്ക് പഠനകേന്ദ്രം മുഖേനയോ/തപാൽ മാർഗ്ഗമോ അതത് പഠനകേന്ദ്രത്തിൽ അല്ലങ്കിൽ വിദ്യാർഥിയുടെ മേൽവിലാസത്തിൽ സ്വയം പഠനസഹായി ലഭ്യമാക്കും.

**സമ്പർക്കക്ലാസ്**

സ്കോൾ-കേരള അനുവദിക്കുന്ന പഠനകേന്ദ്രത്തിൽ അവധി ദിവസങ്ങളിലാണ് സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കുന്നത്. പ്രസ്തുത സമ്പർക്ക ക്ലാസുകളിൽ വിദ്യാർഥികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സ്വയം പഠന സഹായികൾ ഉപയോഗിച്ചുള്ള പഠനത്തിൽ വിദ്യാർഥികൾക്കുണ്ടായേക്കാവുന്ന സംശയങ്ങളുടെ നിവാരണമാണ് സമ്പർക്ക ക്ലാസുകളുടെ ലക്ഷ്യം. പഠനകേന്ദ്രത്തിലെ പ്രിൻസിപ്പാൾ, കോഡിനേറ്റിംഗ് ടീച്ചർ എന്നിവരാണ് സമ്പർക്ക ക്ലാസുകളുടെ മേൽനോട്ടം വഹിക്കുന്നത്. ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകരോ തത്തുല്യ യോഗ്യത യുള്ളവരോ ആയിരിക്കും സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

- ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർഥികളും പരമാവധി 60 വിദ്യാർഥികളെയും (10 മാർജിനൽ അതായത് 70) മാത്രം ഉൾപ്പെടുത്തി ക്ലാസ് സംഘടിപ്പിക്കുന്നതാണ്.

- പ്രാക്ടിക്കൽ ക്ലാസുകളിൽ ഒരു ബാച്ചിൽ പരമാവധി 30 (5 മാർജിനൽ അതായത് 35) വിദ്യാർത്ഥികളെ മാത്രം ഉൾപ്പെടുത്തുന്നതാണ്.
- ഏതെങ്കിലും പഠനകേന്ദ്രത്തിൽ 10 ൽ കുറവ് വിദ്യാർഥികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളുവെങ്കിൽ പ്രസ്തുത വിദ്യാർഥികളെ മറ്റ് പഠനകേന്ദ്രവുമായി കൂട്ടിച്ചേർത്ത് പ്രാക്ടിക്കൽ ക്ലാസ് സംഘടിപ്പിക്കുന്നതാണ്.
- വിദ്യാർഥികൾക്ക് ഒന്നാം വർഷം 30 മണിക്കൂർ തിയറി ക്ലാസ് നൽകും. രണ്ടാം വർഷം 30 മണിക്കൂർ തിയറി ക്ലാസുകൾക്ക് പുറമെ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസും അനുവദിക്കുന്നതാണ്.
- **സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.**
- ഹയർസെക്കണ്ടറി റെഗുലർ വിദ്യാർഥികൾക്ക് നൽകുന്ന സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- സമ്പർക്ക ക്ലാസ്സ് ആരംഭിക്കുന്ന വിവരം പത്രമാധ്യമങ്ങൾ വഴി അറിയിക്കും.

**തിരിച്ചറിയൽ കാർഡ്**

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ച്, തിരിച്ചറിയൽ കാർഡ് നൽകും. രജിസ്ട്രേഷൻ സമയത്ത് വിദ്യാർഥികൾക്ക് ലഭിച്ച യൂസർ ഐ ഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് തിരിച്ചറിയൽ കാർഡിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട പഠനകേന്ദ്രം /പരീക്ഷാകേന്ദ്രം കോഡിനേറ്റിംഗ് ടീച്ചർ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിപ്പിക്കേണ്ടതാണ്. സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

**പരീക്ഷാ കേന്ദ്രങ്ങൾ**

വിദ്യാർത്ഥികൾ ഒന്നാംവർഷം പ്രവേശനം നേടുന്ന മാതൃവിദ്യാലയമാണ് പരീക്ഷാകേന്ദ്രമായി അനുവദിക്കുന്നത്. പ്രസ്തുത സ്കൂളിൽ ലാബ് സൗകര്യം ഇല്ലാത്തപക്ഷം ഹയർസെക്കണ്ടറി പരീക്ഷാബോർഡ് സെക്രട്ടറി നിശ്ചയിക്കുന്നതായിരിക്കും പരീക്ഷാകേന്ദ്രം.

## വൊക്കേഷണൽ ഹയർസെക്കൻഡറി – അഡീഷണൽ മാത്തമാറ്റിക്സ്

വൊക്കേഷണൽ ഹയർസെക്കൻഡറി 'ബി' ഗ്രൂപ്പ് വിദ്യാർഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് വിഷയം സ്കോൾ-കേരള മുഖേന പഠിക്കുന്നതിന് സൗകര്യമുണ്ട്. (ജി.ഒ. (ആർ.റ്റി) നം. 1170/07/പൊ.വി.വ തീയതി 15/03/2007). **അനുബന്ധം 9 ആയി** ചേർക്കുന്നു.

### യോഗ്യത

കേരള സ്റ്റേറ്റ് സിലബസ് പ്രകാരം ഒരു വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ റെഗുലർ കോഴ്സിന് ചേർന്ന് 'ബി' ഗ്രൂപ്പ് തിരഞ്ഞെടുത്ത് പ്രവേശനം നേടിയ വിദ്യാർഥിയായിരിക്കണം. **10.01.2019 ലെ സർക്കുലർ നം. Acad 3/2019 മുഖേന സി.ബി.എസ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ**

**പരിശീലന സമിതി കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Mathematics- Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ വൊക്കേഷണൽ ഹയർസെക്കണ്ടറി തലത്തിൽ Mathematics അഡീഷണലായി തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളു.**

## സിലബസ്

വൊക്കേഷണൽ ഹയർസെക്കൻഡറി റെഗുലർ കോഴ്സിന്റേത്.

## രജിസ്ട്രേഷൻ ഫീസ്

കോഴ്സ് കാലാവധിയായ രണ്ടുവർഷത്തേക്കുള്ള രജിസ്ട്രേഷൻ ഫീസ് ആകെ 1500/- രൂപയാണ്.

## നിബന്ധനകൾ

- ഓരോ ജില്ലയിലും മാത്തമാറ്റിക്സ് വിഷയമുള്ള, തിരഞ്ഞെടുത്ത വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.
- പഠനകേന്ദ്രം അനുവദിക്കുന്നതിന്റെ അന്തിമ തീരുമാനം സ്കോൾ കേരളയിൽ നിക്ഷിപ്ത മായിരിക്കും.
- വിദ്യാർഥികൾക്ക് ഓരോ വർഷവും സി.സി.ഇ.യുടെ ഭാഗമായി 30 മണിക്കൂർ തിയറി ക്ലാസുകൾ വീതം നൽകും. രണ്ടാംവർഷം തിയറി ക്ലാസ്സുകൾക്ക് പുറമേ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സും അനുവദിക്കും.
- സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.
- റെഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് നടത്തുന്നതായിരിക്കും.
- ഒന്നാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി.സി.ഇ. ക്ലാസിൽ പങ്കെടുക്കുകയും, സി.സി.ഇ. രേഖകൾ സമർപ്പിച്ച് എഴുത്തു പരീക്ഷയിലൂടെ യോഗ്യത നേടിയ വിദ്യാർഥികളാണ് രണ്ടാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് സി.സി.ഇ. ക്ലാസിൽ പങ്കെടുക്കുവാനും, പരീക്ഷ എഴുതുവാനും യോഗ്യരായവർ.

## അഡീഷണൽ മാത്തമാറ്റിക്സ് ഓൺലൈൻ രജിസ്ട്രേഷൻ – നിർദ്ദേശങ്ങൾ

- ഒന്നാംവർഷ പ്രവേശന അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ www.scolekerala.org എന്ന വെബ്സൈറ്റിലെ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ വി.എച്ച്.എസ്.ഇ. അഡീഷണൽ മാത്തമാറ്റിക്സ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ ഫീൽഡുകൾ ദൃശ്യമാകും.
- രജിസ്ട്രേഷൻ ആവശ്യത്തിന് അപ്‌ലോഡ് ചെയ്യേണ്ട ഫോട്ടോ jpg/jpeg ഫോർമാറ്റിൽ ഉള്ളതും (ആറുമാസത്തിനുള്ളിൽ എടുത്തത്) 24 കെ.ബി മുതൽ 60 കെ.ബി (100 x 150 മുതൽ 200 x200 px) സൈസ് ഉള്ളതുമായിരിക്കണം. പാസ്പോർട്ട് സൈസ് ഫോട്ടോ അല്ലാത്ത അപേക്ഷ അസാധുവായി കണക്കാക്കും.

- നിരന്തരമൂല്യനിർണയ ക്ലാസ്സുകൾക്കായി വിദ്യാർഥികൾക്ക് മുൻഗണനാക്രമത്തിൽ ജില്ലയിലെ 2 പഠന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. (വയനാട് ജില്ലയിൽ 1 കേന്ദ്രം മാത്രം) .
- സ്കോൾ-കേരള വെബ് സൈറ്റ് മുഖാന്തിരം ഓൺലൈനായി രജിസ്റ്റർ ചെയ്ത് ഡൗൺലോഡ് ചെയ്ത പ്രിന്റൗട്ടിനോടൊപ്പം സ്കോൾ-കേരള അക്കൗണ്ടിൽ ഓൺലൈനായി നിശ്ചിത ഫീസ് ഒടുക്കിയ അസൽ ഓൺലൈൻ ഫീസ് രസീത്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ ജില്ലാകേന്ദ്രത്തിലോ, സ്കോൾ-കേരള സംസ്ഥാന ഓഫീസിലോ എത്തിക്കണം. **(പഠനകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 10)**

- **താഴെപ്പറയുന്ന കാരണങ്ങളാൽ റിസൾട്ട് തടഞ്ഞുവെയ്ക്കപ്പെടാം**

- സി.സി.ഇ.ക്ലാസിൽ പങ്കെടുക്കാതിരിക്കുകയും സി.സി.ഇ രേഖകൾ കൃത്യസമയത്ത് സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന വിദ്യാർഥിയുടേത്.
- പഠന കേന്ദ്രങ്ങളിൽ അച്ചടക്കരാഹിത്യം പ്രകടിപ്പിക്കുന്ന വിദ്യാർഥിയുടേത്.
- ഒന്നാം വർഷ ഫീസ് ഒടുക്കാതെയും, ഒന്നാംവർഷ സി.സി.ഇ ക്ലാസിൽ പങ്കെടുക്കാതെയും , സി.സി.ഇ രേഖകൾ സമർപ്പിക്കാതെയും രണ്ടാം വർഷം അപേക്ഷിക്കുന്ന വിദ്യാർഥിയുടേത്.

- **പ്രിൻസിപ്പാൾമാരുടെ ചുമതലകൾ**

- ബി ഗ്രൂപ്പ് വിദ്യാർഥികൾക്ക് അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കാവുന്നതാണെന്ന അറിയിപ്പ് നൽകേണ്ടതാണ്.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസത്തിനു മുമ്പ് തന്നെ വിദ്യാർഥികളിൽ നിന്നും അവശ്യരേഖകൾ സഹിതമുള്ള അപേക്ഷാഫാറം സ്വീകരിക്കേണ്ടതാണ്.
- അപേക്ഷയിൽ നിർദ്ദിഷ്ട സ്ഥലത്ത് പ്രിൻസിപ്പാൾ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- നിശ്ചിത തീയതിക്കുള്ളിൽ തന്നെ അപേക്ഷ ജില്ലാകേന്ദ്രത്തിലോ, സ്കോൾ കേരള സംസ്ഥാന ഓഫീസിലോ എത്തിക്കേണ്ടതാണ്.
- **സി.സി.ഇ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ മൂല്യനിർണ്ണയം നടത്തി മാർക്ക് ലിസ്റ്റ് വിദ്യാർഥികളുടെ രജിസ്റ്റർ നമ്പർ ഉൾപ്പെടുത്തി വി.എച്ച്.എസ്.ഇ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. ഒരു കോപ്പി സ്കോൾ കേരള സംസ്ഥാന ഓഫീസിലും അയക്കേണ്ടതാണ്.**

## വിദ്യാർത്ഥികൾക്ക് വിവിധ സേവനങ്ങൾ

- **വിടുതൽ സർട്ടിഫിക്കറ്റ് (Transfer Certificate)**

ഹയർസെക്കണ്ടറി ഓപ്പൺ റെഗുലർ കോഴ്സിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് കോഴ്സ് പൂർത്തിയാകുമ്പോൾ/പഠനം നിർത്തുമ്പോൾ സ്കോൾ-കേരള വിടുതൽ സർട്ടിഫിക്കറ്റ് (ടി.സി) അനുവദിക്കും. കോഴ്സ് ഫീസ് പൂർണമായും ഒടുക്കാത്ത വിദ്യാർഥിക്ക് ടി.സി അനുവദിക്കുന്നതല്ല.

2010-12 ബാച്ച് മുതലുള്ള ഹയർസെക്കണ്ടറി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്കും, ഓപ്പൺസ്കൂൾ/സ്കോൾ-കേരളയുടെ പേരിലുള്ള ടി.സി അനുവദിക്കും.

ഹയർസെക്കണ്ടറി ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്ക് സ്കോൾ-കേരള ജില്ലാകേന്ദ്രം വഴിയും പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് പരീക്ഷകേന്ദ്രം വഴിയും ടി.സി ലഭിക്കുന്നതാണ്. ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികളുടെ ടി.സിയിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കയ്യൊപ്പിനുപകരം ഒപ്പിന്റെ ഫാക്സിമിലി ആയിരിക്കും പതിച്ചു നൽകുക(ഗവ. **ഉത്തരവ്- അനുബന്ധം -11**).

ടി.സി നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് ടി.സി ലഭിക്കുന്നതിന് അപേക്ഷയും ഓൺലൈൻനായി 125/- രൂപ ഫീസ് ഒടുക്കിയ അസ്സൽ ഫീസ് രസീതും 50/- രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തിൽ അംഗീകൃത നോട്ടറിയിൽനിന്നും നേടിയ നോട്ടറി അറ്റസ്റ്റേഷൻ സർട്ടിഫിക്കറ്റും (അഫിഡവിറ്റിന്റെ ഫോർമാറ്റ് അനുബന്ധം 12) സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ/ബന്ധപ്പെട്ട ജില്ലാ കോ-ഓർഡിനേറ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ■ സ്വഭാവസർട്ടിഫിക്കറ്റ് (Conduct certificate)

29.11.2004-ലെ ജി.ഒ. (ആർ.ടി) നം:5115/2004/പൊ.വി.വ പ്രകാരം ഓപ്പൺ റഗുലർ കോഴ്സിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് ഓപ്പൺസ്കൂൾ/സ്കോൾ-കേരള പഠനകേന്ദ്രം പ്രിൻസിപ്പാൾ സ്വഭാവ സർട്ടിഫിക്കറ്റ് അനുവദിക്കും. ഇതിലേക്ക് വിദ്യാർഥി അതത് പഠനകേന്ദ്രം പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം. (ഗവ. **ഉത്തരവ്- അനുബന്ധം -13**).

## ■ കോഷൻ ഡെപ്പോസിറ്റ് (Caution Deposit)

ഹയർസെക്കണ്ടറി ഓപ്പൺ റെഗുലർ കോഴ്സിൽ 01, 05, 09, 10, 36, 39 എന്നീ സബ്ജക്ട് കോഡിലും ഡിസിഎ കോഴ്സിലും പ്രവേശനം നേടി, പഠനം പൂർത്തിയാക്കി, കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കിയ വിദ്യാർഥികൾക്ക് കോഷൻ ഡെപ്പോസിറ്റ് വ്യവസ്ഥകൾക്ക് വിധേയമായി തിരികെ അനുവദിക്കുന്നതാണ്.

## ■ ഡ്യൂപ്ലിക്കറ്റ് തിരിച്ചറിയൽ കാർഡ്

തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കറ്റ് കാർഡ് ലഭിക്കുന്നതിന് 30/ രൂപ ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത്, സ്കോൾ-കേരള രജിസ്റ്റർ നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി തയാറാക്കിയ അപേക്ഷ, എസ്.എസ്.എൽ.സിയുടെ പകർപ്പ് എന്നിവ സഹിതം സ്കോൾ-കേരളയുടെ അതാത് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

### ■ സ്കോൾ–കേരള ഹയർസെക്കന്ററി കോഴ്സ്– രജിസ്ട്രേഷൻ റദ്ദാക്കൽ

സ്കോൾ-കേരളയിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥിക്ക് ഏതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ ക്യാൻസലേഷൻ ഫീസ് ഇനത്തിൽ 150/- രൂപ ഒടുക്കിയ ഓൺലൈൻ ഫീസ് രസീത് സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ/ അതാത് ജില്ലാ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- ഹയർസെക്കന്ററി കോഴ്സിന് ഒന്നാംവർഷം പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥി മുൻപ് ഓപ്പൺ സ്കൂൾ/സ്കോൾ-കേരള മുഖേനയോ, റെഗുലർ സ്കൂൾ മുഖേനയോ ഹയർസെക്കന്ററി കോഴ്സ്, മറ്റ് തത്തുല്യ കോഴ്സുകൾക്ക് ചേർന്ന് പഠിച്ചിട്ടുണ്ടെങ്കിൽ മുൻ രജിസ്ട്രേഷൻ റദ്ദ് ചെയ്തശേഷം മാത്രം ഒന്നാംവർഷ പ്രവേശനത്തിന് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

- ഹയർസെക്കന്ററി ഒന്നാംവർഷ പ്രവേശനത്തിന് അപേക്ഷ നൽകിയ വിദ്യാർഥികൾക്ക് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകും മുൻപ് അപേക്ഷയും അനുബന്ധരേഖകളും മടക്കി നൽകുന്നതിന് ക്യാൻസലേഷൻ ഫീസ് ഈടാക്കുകയില്ല.
- സ്കോൾ-കേരളയിലൂടെ ഹയർസെക്കന്ററി ഒന്നാം വർഷം/രണ്ടാം വർഷ പൊതു പരീക്ഷക്ക് ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്ത വിദ്യാർഥിയുടെ സ്കോൾ-കേരള രജിസ്ട്രേഷൻ റദ്ദ് ചെയ്ത് നൽകുന്നതിന്, ഹയർസെക്കന്ററി പരീക്ഷാ വിഭാഗം അനുവദിക്കുന്ന പരീക്ഷാ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള മെമ്മോ ഉൾപ്പെടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ഒന്നാംവർഷ പരീക്ഷാ ഫീസ് ഒടുക്കാത്ത വിദ്യാർഥി പരീക്ഷാ കേന്ദ്രമായി അനുവദിച്ച സ്കൂൾ പ്രിൻസിപ്പാളിന്റെ 'ഫീസ് ഒടുക്കിയിട്ടില്ല' എന്ന സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- 2010-12 ബാച്ച് മുതൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്ന വിദ്യാർഥിക്ക് Cancellation Memo അനുവദിക്കും.

**രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സ്കോൾ-കേരള സംസ്ഥാന ആഫീസിൽ നിന്ന് ഒരിക്കൽ മടക്കി അയച്ച അസൽ രേഖകൾ (എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ടി.സി.) വിദ്യാർഥി കൈപ്പറ്റാതെ മടങ്ങിവന്നാൽ വീണ്ടും തിരികെ ലഭിക്കുന്നതിന് 56/- രൂപ സ്റ്റാമ്പ് ഒട്ടിച്ച്, വിദ്യാർഥിയുടെ സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ കവർ സഹിതം സംസ്ഥാന ഓഫീസിൽ/ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

### ഹയർസെക്കണ്ടറി സ്വയംപഠന സഹായികൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയത്

സ്കോൾ-കേരള വഴി രജിസ്റ്റർ ചെയ്ത് ഓപ്പൺ റഗുലർ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി നൽകിവരുന്ന ഇംഗ്ലീഷിൽ തയ്യാറാക്കിയിട്ടുള്ള സ്വയംപഠന സഹായികളിൽ ഹ്യുമാനിറ്റീസ് സ്ട്രീമിലെ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ ഒന്നും രണ്ടും വർഷ മോഡ്യൂളുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് വില നിശ്ചയിച്ച് സ്കോൾ-കേരള ജില്ലാകേന്ദ്രം വഴി വിൽപ്പന നടത്തുന്നു. (പരിഭാഷപ്പെടുത്തിയ സ്വയം പഠന സഹായികളുടെ വിലവിവരം അനുബന്ധം 14 ആയി ചേർത്തിട്ടുണ്ട്.)

### ■ ഹയർസെക്കൻഡറി ഒന്നുംരണ്ടും വർഷ പൊതുപരീക്ഷ

ഹയർസെക്കൻഡറി പരീക്ഷാ വിഭാഗം യഥാസമയം പരീക്ഷാനോട്ടിഫിക്കേഷൻ പ്രമുഖ ദിന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തും. അതിനു ശേഷം വിദ്യാർഥികൾ പൂരിപ്പിച്ച അപേക്ഷാഫാറവും പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ/ഐഡന്റിറ്റി കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും നിശ്ചിത പരീക്ഷാഫീസും സ്കോൾ-കേരള അനുവദിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ/പഠനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. സ്കോൾ-കേരള മുഖേനയുള്ള ഹയർസെക്കൻഡറി കോഴ്സിന്റെ ഒന്നുംരണ്ടും വർഷ പൊതുപരീക്ഷകളുടെ നടത്തിപ്പ്, സർട്ടിഫിക്കറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ് വിതരണം ഇവ റെഗുലർ സ്കൂൾ വിദ്യാർഥികൾക്കൊപ്പം ഹയർസെക്കണ്ടറി പരീക്ഷാ വിഭാഗം നേരിട്ടു നടത്തുന്നതാണ്.

ഒന്നാംവർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർഥിക്കു മാത്രമേ രണ്ടാംവർഷ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒന്നാംവർഷ ഹയർസെക്കൻഡറി പരീക്ഷയുടെ മാർക്കുകൾ ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി അതത് വർഷം ഹയർസെക്കൻഡറി പരീക്ഷാ വിഭാഗം നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് റെഗുലർ വിദ്യാർഥികൾക്ക് നൽകുന്ന എല്ലാ അവസരങ്ങളും സ്കോൾ-കേരള വിദ്യാർഥികൾക്കും ലഭ്യമാണ്. നിലവിൽ മൂന്ന് വിഷയങ്ങൾവരെ

ഇംപ്രൂവ് ചെയ്യാവുന്നതാണ് **(ഹയർസെക്കൻഡറി പരീക്ഷയുടെ അപേക്ഷ ഫാറം: അനുബന്ധം 15).**

> **ഹയർസെക്കൻഡറി ഒന്നുംരണ്ടും വർഷ പൊതുപരീക്ഷ, നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന്റെ (CCE) സ്കോർ എന്നിവ സംബന്ധിച്ച് ഹയർസെക്കൻഡറി പരീക്ഷാ വിഭാഗം കാലാകാലങ്ങളിൽ പുറത്തിറക്കുന്ന പരീക്ഷാനോട്ടിഫിക്കേഷൻ, പരീക്ഷ മാനദണ്ഡങ്ങൾ എന്നിവയിലെ മാർഗനിർദ്ദേശങ്ങളും നിബന്ധനകളും സ്കോൾ – കേരള വിദ്യാർഥികൾക്കും ബാധകമാണ്. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ യഥാസമയം പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകും.**

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA)

സെക്രട്ടറിയേറ്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പിഎസ്‌സി മുഖേനെയുള്ള നിയമനങ്ങൾക്ക് യോഗ്യതയായി സർക്കാർ അംഗീകരിച്ച കോഴ്സാണ് ഡിസിഎ. എസ്.എസ്.എൽ.സി./തത്തുല്ല്യ യോഗ്യതയുള്ള വിദ്യാർഥികൾക്ക് സ്കോൾ-കേരള നടത്തുന്ന കോഴ്സിന് ചേർന്ന് പഠിക്കാം. റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന രീതിയിലും ഒന്നുംരണ്ടും വർഷ ഹയർസെക്കൻഡറി കോഴ്സിനോടൊപ്പം റെഗുലർ വിദ്യാർഥികൾക്കും പഠിക്കാവുന്ന രീതിയിലുമാണ് കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. (**ഗവ. ഉത്തരവ്- അനുബന്ധം - 16,17**) സർക്കാർ/അർദ്ധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ജോലിയോടൊപ്പം പഠിക്കാനുള്ള അവസരം ലഭ്യമാണ്.

### ■ കോഴ്സ് കാലാവധി

കോഴ്സിന്റെ കാലാവധി 6 മാസം (240 മണിക്കൂർ). ശനി, ഞായർ, മറ്റു പൊതു അവധി ദിവസങ്ങളിലായി ആകെ 240 മണിക്കൂർ ക്ലാസുകൾ നൽകുന്നു.

### ■ ഫീസ് ഘടന

| | | |
|---|---|---|
| • പ്രവേശന ഫീസ് | – | 100 |
| • കോഴ്സ് ഫീസ് | – | 5,000 |
| • കോഷൻ ഡെപ്പോസിറ്റ് | – | 200 |
| **ആകെ** | – | **5,300** |

കോഴ്സ് ഫീസ് പൂർണമായോ രണ്ട് ഗഡുക്കളായോ ഒടുക്കാവുന്നതാണ്. ഗഡുക്കളായി ഒടുക്കുന്നവർ കോഴ്സ് ഫീസിന്റെ **50%** പ്രവേശന സമയത്തും ബാക്കി **50%** കോഴ്സ് അവസാനിക്കും മുമ്പും ഒടുക്കേണ്ടതാണ്.

### ■ പഠനസഹായികൾ

ഡി.സി.എ കോഴ്സിന് രജിസ്റ്റർ ചെയ്യുന്നവർക്ക് ലളിതമായ ഭാഷയിൽ തയാറാക്കിയിട്ടുള്ള പഠനസഹായികൾ സൗജന്യമായി നൽകുന്നതാണ്. പഠനസഹായികൾ അതത് പഠനകേന്ദ്രം/ വിദ്യാർഥിയുടെ മേൽവിലാസത്തിൽ ലഭ്യമാക്കും. കോഴ്സിന്റെ സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

### ■ പഠനകേന്ദ്രങ്ങൾ

എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ഗവൺമെന്റ്/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ എന്നിവ ഡി.സി.എ പഠന കേന്ദ്രങ്ങളാണ്. ഒരു ബാച്ചിൽ പരമാവധി 35, കുറഞ്ഞത് 20 വിദ്യാർഥികൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും പഠനകേന്ദ്രത്തിൽ 20-ൽ കുറവ് വിദ്യാർഥികൾ മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളുവെങ്കിൽ പ്രസ്തുത വിദ്യാർഥികളെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിച്ചേർത്ത് ക്ലാസുകൾ സംഘടിപ്പിക്കുന്നു. **(പഠനകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 18)**

## ■ അപേക്ഷിക്കേണ്ട വിധം

- പ്രവേശന വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം സ്കോൾ-കേരളയുടെ വെബ്സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർഥികൾക്ക് ഓൺലൈനായി DCA കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.
- **ഓൺലൈൻ രജിസ്ട്രേഷൻ ഘട്ടം ഘട്ടമായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഓൺലൈനായി ഫീസടച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.**
- അപേക്ഷ confirm ചെയ്തതിനു ശേഷമുള്ള പ്രിന്റ് ഔട്ട് എടുത്ത് ഓൺലൈൻ ഫീസ് രസീത്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ/ജില്ലാ ഓഫീസിൽ നേരിട്ടോ, തപാൽ മാർഗമോ എത്തിക്കണം.
- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം യൂസർ ഐ ഡി, പാസ്‌വേഡ് ഉപയോഗിച്ച് ഐഡന്റിറ്റി കാർഡിന്റെ പ്രിന്റ് ഔട്ട് എടുക്കാവുന്നതാണ്. അത് ബന്ധപ്പെട്ട പഠന കേന്ദ്രം കോഡിനേറ്റിംഗ് ടീച്ചറുടെ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്.
- പഠനകേന്ദ്രങ്ങൾ പരീക്ഷാകേന്ദ്രങ്ങളാകണമെന്നില്ല.

## ■ സമ്പർക്കക്ലാസ്

- കേരളത്തിലെ തെരഞ്ഞെടുത്ത ഗവൺമെന്റ്, എയ്ഡഡ് ഹയർസെക്കൻഡറി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അവധി ദിവസങ്ങളിൽ സമ്പർക്കക്ലാസുകൾ സംഘടിപ്പിക്കും.
- 6 മാസം/ 240 മണിക്കൂർ ക്ലാസ് (120 മണിക്കൂർ തിയറി, 120 മണിക്കൂർ പ്രാക്ടിക്കൽ) വിദ്യാർഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്.
- പരമാവധി 35 വിദ്യാർത്ഥികളും കുറഞ്ഞത് 20 വിദ്യാർഥികളും ഉൾക്കൊള്ളുന്നതാണ് ഒരു ബാച്ച്.
- തീയറി, പ്രാക്ടിക്കൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് ഹയർസെക്കൻഡറി കമ്പ്യൂട്ടർ വിഭാഗം അധ്യാപകരാണ്.
- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 75 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. നിശ്ചിത ഹാജർ ലഭിക്കാത്ത വിദ്യാർഥികൾ ഹാജർ കുറവ് പരിഹരിക്കുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. (അപേക്ഷാ ഫോറം അനുബന്ധം 19 ആയി ചേർക്കുന്നു)**
- അധ്യാപകരുടെ നിർദ്ദേശാനുസരണം റെക്കോഡു വർക്കുകൾ, സി.സി.ഇ മറ്റ് അനുബന്ധ രേഖകൾ എന്നിവ നിശ്ചിത തീയതിക്കകം തന്നെ ഹാജരാക്കേണ്ടതാണ്.

## ■ ഡി.സി.എ. പരീക്ഷ

- ഡി.സി.എ കോഴ്സ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സ്കോൾ-കേരള പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പ്രാക്ടിക്കൽ, തീയറിപരീക്ഷകൾ തിരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ/പഠനകേന്ദ്രങ്ങളിൽ വച്ച് നടത്തും. പരീക്ഷ സംബന്ധിച്ച അറിയിപ്പ് പഠനകേന്ദ്രങ്ങൾ, വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ മുഖേനെ നൽകുന്നതാണ്.
- പരീക്ഷാഫീസ് ഒരു പേപ്പറിന് 125/-രൂപ വീതവും കൂടാതെ സർട്ടിഫിക്കറ്റ് ഫീസ് 75/- രൂപയും കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഫീസ് 200/- രൂപയും എന്ന ക്രമത്തിൽ ആകെ 900/- രൂപ ഓൺലൈൻ മോഡിൽ ഒടുക്കിയ അസ്സൽ ഓൺലൈൻ ഫീസ് രസീത്, അപേക്ഷാഫാറവും സഹിതം അതത് പഠനകേന്ദ്രത്തിലെ പ്രിൻസിപ്പാൾ/ചീഫ് സൂപ്രണ്ടിന് നിർദ്ദിഷ്ട തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
- പരീക്ഷാനോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്ന മുറക്ക് നിശ്ചിത തീയതികൾക്കുള്ളിൽ പരീക്ഷാഫീസ് ഒടുക്കേണ്ടതാണ്.
- പരീക്ഷ പേപ്പറുകളുടെ സ്ക്രൂട്ടിണി, ഫോട്ടോകോപ്പി, പുനർ മൂല്യനിർണ്ണയം എന്നിവയ്ക്ക് പേപ്പർ

ഒന്നിന് യഥാക്രമം 200/- രൂപ, 300/- രൂപ, 500/- രൂപ എന്ന ക്രമത്തിൽ ഓൺലൈനായി ഫീസടച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ സമ്പർക്കക്ലാസ് കഴിയുന്ന മുറക്ക്തന്നെ ആരംഭിക്കുന്നതാണ്. DC01 പേപ്പറിന് പ്രാക്ടിക്കൽ ഇല്ല. DC 02, DC 03, DC 04, DC 05 എന്നീ പേപ്പറുകൾക്കാണ് പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നത്.
- പരീക്ഷാ നടപടികൾ ഉൾപ്പെടുത്തിയ നോട്ടിഫിക്കേഷൻ സ്കോൾ കേരള വെബ്സൈറ്റ്, പഠനകേന്ദ്രം, പത്രമാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തുന്നതാണ്.

■ **മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ്**

കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയ വിദ്യാർഥികൾക്ക് പരീക്ഷാകേന്ദ്രം മുഖേന മാർക്ക്ലിസ്റ്റും നിശ്ചിത യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റിനോടൊപ്പം ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകും.

**ഡിസിഎ – തിയറി പരീക്ഷ**

| Paper | | |
|---|---|---|
| Sl. No. | Code | Name |
| 1 | DC 01 | Information Technology |
| 2 | DC 02 | PC and its Operations |
| 3 | DC 03 | Office Automation |
| 4 | DC 04 | Linux Based Office |
| 5 | DC 05 | Internet |

- **പരീക്ഷ വിജയിക്കാൻ ഒരോ പേപ്പറിനും 40% മാർക്ക് (തിയറിക്കും, പ്രാക്ടിക്കലിനും 40% മാർക്ക് വീതം) നേടിയിരിക്കണം.**

**The mark distribution for all papers of DCA course**

| Sl. No. | Paper | | Marks | | | | |
|---|---|---|---|---|---|---|---|
| | Code | Name | Internal | | Terminal | | Total |
| | | | Theory | Practical | Theory | Practical | |
| 1 | DC 01 | Information Technology | 50 | - | 100 | - | 150 |
| 2 | DC 02 | PC and its Operations | 25 | 25 | 50 | 50 | 150 |
| 3 | DC 03 | Office Automation | 25 | 25 | 50 | 50 | 150 |
| 4 | DC 04 | Linux Based Office | 25 | 25 | 50 | 50 | 150 |
| 5 | DC 05 | Internet | 25 | 25 | 50 | 50 | 150 |
| | | Total Marks | | | | | 750 |

സ്കോൾ-കേരളയുടെ ഡി.സി.എ കോഴ്സിന് കേരള സർക്കാർ ഉത്തരവ് പ്രകാരം പി.എസ്.സി മുഖേനയുള്ള സർക്കാർ നിയമനങ്ങൾക്ക് യോഗ്യതയായി അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ഡിസിഎ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും ലഭിക്കുന്നതിനു വേണ്ടിയുള്ള മാനദണ്ഡങ്ങൾ**

**എ) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്**

ഡിപ്ലോമ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടതായി 100 രൂപ മുദ്രപ്പത്രത്തിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 400/- രൂപ ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ബി. മാർക്ക് ലിസ്റ്റ്**

അസൽ മാർക്ക് ലിസ്റ്റ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതായി 100 രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 200/- രൂപ ഫീസ് ഓൺലൈൻ മോഡിൽ ഒടുക്കിയ ഫീസ് രസീത് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**സി.** അസൽ ഡിപ്ലോമാ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയ്ക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ യഥാക്രമം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്/നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് എന്നിവ ഹാജരാക്കേണ്ടതില്ല. എന്നാൽ കേടുപാട് സംഭവിച്ച അസൽ സർട്ടിഫിക്കറ്റ്/മാർക്ക്ലിസ്റ്റ് ബന്ധപ്പെട്ട അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ടതാണ്.

■ **പുനഃപ്രവേശനം**

- ഡിസിഎ കോഴ്സിൽ ഒരു ബാച്ചിൽ ചേർന്നശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കാത്തവർക്ക് നിലവിലെ സ്കീം & സിലബസ് പ്രകാരമുള്ള ബാച്ചുകളിൽ സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കുന്നതിന് പുനഃപ്രവേശനം അനുവദിക്കും.
- പുനഃപ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠന കേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് ഹാജരാക്കേണ്ടതാണ്.
- പുനഃപ്രവേശന ഫീസ് 500/- രൂപയാണ്. ഫീസ് ഒടുക്കിയ അസ്സൽ ഫീസ് രസീത് രജിസ്ട്രേഷനുശേഷം ലഭിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.scolekerala.org വെബ്സൈറ്റ് സന്ദർശിക്കുക.

# ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ

യോഗയുടെ സ്വീകാര്യത ദിനംപ്രതി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ യോഗാപഠനവുമായി ബന്ധപ്പെട്ടും സ്പോർട്സ് യോഗയെ സംബന്ധിച്ചും ആധികാരികവും ശാസ്ത്രീയവുമായ കോഴ്സുകൾ പരിമിതമാണ്. പ്രസ്തുത സാഹചര്യത്തിലാണ് സ്കോൾ-കേരളയുടെ നേതൃത്വത്തിൽ യോഗാപഠനവുമായി ബന്ധപ്പെട്ട് ഒരുവർഷ ദൈർഘ്യമുള്ള **ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ** കോഴ്സ് ആരംഭിച്ചത്. ടി കോഴ്സിന്റെ സിലബസ് കേന്ദ്ര ആയുഷ് മിഷന്റെയും സംസ്ഥാന ആയുഷ് വകുപ്പിന്റെയും അംഗീകാര

ത്തോടെ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. **അനുബന്ധം 20 ആയി** ചേർക്കുന്നു. സ്കോൾ-കേരള ആറാമത് എക്സിക്യൂട്ടീവ് കൗൺസിൽ യോഗം കോഴ്സ് സംഘാടനം, പരീക്ഷ നടത്തിപ്പ് എന്നിവയ്ക്കുള്ള കരട് നിയമാവലി, നടപടിക്രമങ്ങൾ എന്നിവയ്ക്ക് അംഗീകാരം നൽകി.

**പ്രവേശന യോഗ്യത** – ഹയർസെക്കണ്ടറി/തത്തുല്യ കോഴ്സിലെ വിജയം

**പ്രായപരിധി** – 17 വയസ് മുതൽ 50 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കി പ്രായം കണക്കാക്കും.)

**പഠന മാധ്യമം** – മലയാളം

**പഠനരീതി** – ബ്ലെൻഡഡ് മോഡ് (ഓഫ് ലൈൻ/ഓൺലൈൻ)

**കോഴ്സ് കാലാവധി**

കോഴ്സിന്റെ കാലാവധി ഒരു വർഷമാണ് (തിയറി- 200 മണിക്കൂർ പ്രാക്ടിക്കൽ -240 മണിക്കൂർ, ആകെ 440 മണിക്കൂർ). ശനി, ഞായർ, മറ്റു പൊതു അവധി ദിവസങ്ങളിലായി സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കും.

**ഫീസ് ഘടന**

| | | |
|---|---|---|
| കോഴ്സ് ഫീസ് | – | 12000/- |
| പ്രവേശന ഫീസ് | – | 500/- |
| ആകെ | – | 12,500/- |
| ഫൈൻ | – | 100/- (നിർദ്ദിഷ്ട അവസാന തീയതിയ്ക്ക് |

ശേഷം നിശ്ചിത സമയപരിധിവരെ)

കോഴ്സ് ഫീസ് ഒറ്റത്തവണയോ രണ്ട് ഗഡുക്കളായോ ഒടുക്കാവുന്നതാണ്. ഗഡുക്കളായി ഒടുക്കുന്നവർ കോഴ്സ് ഫീസിന്റെ **50%** (6000 + 500) പ്രവേശന സമയത്തും രണ്ടാം ഗഡു (6000 രൂപ) 50% ഹാജർനില പൂർത്തിയാകുന്നതിന് മുൻപും ഒടുക്കേണ്ടതാണ്.

## ■ പഠനസഹായികൾ

കോഴ്സിന് രജിസ്റ്റർ ചെയ്യുന്നവർക്ക് പഠനസഹായികൾ സൗജന്യമായി നൽകും. പഠനസഹായികൾ അതത് പഠനകേന്ദ്രം/പഠിതാവിന്റെ മേൽവിലാസത്തിൽ ലഭ്യമാക്കും. കോഴ്സ് സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

## ■ പഠനകേന്ദ്രങ്ങൾ

ഓരോ ജില്ലയിലെയും തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ പഠന കേന്ദ്രങ്ങളായി അനുവദിക്കും. ഒരു ബാച്ചിൽ പരമാവധി 50 വിദ്യാർഥികൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിക്കുന്നത്. പഠനകേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാനുള്ള അധികാരം സ്കോൾ-കേരള ജനറൽ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. **(നിലവിലെ പഠനകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 21)**

## ഓൺലൈൻ രജിസ്ട്രേഷൻ

- **ഓൺലൈൻ രജിസ്ട്രേഷൻ ഘട്ടം ഘട്ടമായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർഥിയുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഓൺലൈനായി ഫീസ് അടച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.**

- **ഓൺലൈൻ പേയ്മെന്റ് മോഡ് വഴി മാത്രമെ ഫീസ് ഒടുക്കുവാൻ സാധിക്കുകയുള്ളു.**

## പ്രവേശനത്തിന് ഹാജരാക്കേണ്ട രേഖകൾ

- ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ട്. പ്രിൻൗട്ടിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.
- ഫീസ് ഒടുക്കിയ അസ്സൽ ഓൺലൈൻ ഫീസ് രസീത്
- ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാസർട്ടിഫിക്കറ്റിന്റെ പകർപ്പ്
- വയസ്സ് തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

## സമ്പർക്കക്ലാസ്

- ജില്ലയിലെ പഠനകേന്ദ്രം മുഖേനെ അവധി ദിവസങ്ങളിൽ സമ്പർക്കക്ലാസുകൾ സംഘടിപ്പിക്കും.
- ഒരു വർഷത്തിനുള്ളിൽ 440 മണിക്കൂർ (തിയറി- 200 മണിക്കൂർ, പ്രാക്ടിക്കൽ 240 മണിക്കൂർ) ക്ലാസ് വിദ്യാർഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിട്ടുള്ളത്.
- പ്രാക്ടിക്കൽ ക്ലാസ്സുകൾ രാവിലെ 6 മുതൽ 8 വരെയും, വൈകുന്നേരം 5 മുതൽ 8 വരെയും അവധി ദിവസങ്ങളിലുമായി ക്രമീകരിക്കുന്നു.
- പ്രാക്ടിക്കൽ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ യോഗാമാറ്റ് കൊണ്ട് വരേണ്ടതാണ്.
- 30 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്നതാണ് ഒരു ബാച്ച്.
- സമ്പർക്ക ക്ലാസ്സ് ആരംഭിക്കുന്ന വിവരം പത്രമാധ്യമങ്ങൾ വഴി അറിയിക്കും.
- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 80 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. നിശ്ചിത ഹാജർ ലഭിക്കാത്ത വിദ്യാർഥികൾ ഹാജർ കുറവ് പരിഹരിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

- അധ്യാപകരുടെ നിർദ്ദേശാനുസരണം മുഴുവൻ പോർട്ട് ഫോളിയോകളും നിശ്ചിത തീയതിക്കകം തന്നെ ഹാജരാക്കേണ്ടതാണ്.

## പരീക്ഷ

- കോഴ്സ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് സ്കോൾ-കേരള പൊതുപരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകും. പ്രാക്ടിക്കൽ, തീയറി പരീക്ഷകൾ പഠനകേന്ദ്രങ്ങളിൽ വച്ച് നടത്തും. പരീക്ഷ സംബന്ധിച്ച അറിയിപ്പ് പഠനകേന്ദ്രങ്ങൾ, വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ മുഖേനെ നൽകുന്നതാണ്.

## ■ തിയറി പരീക്ഷ

| പേപ്പർ | പേര് |
|---|---|
| 1. | യോഗദർശനം : ഉൽപ്പത്തി, വികാസം, യോഗജീവനം |
| 2. | യോഗയും ശരീരവ്യവസ്ഥയും |
| 3. | സ്പോർട്സ് യോഗ |

**തിയറി, പ്രായോഗിക പരീക്ഷാ മാർക്കുകളുടെ വിന്യാസം**

| പേപ്പർ | കോഡ് | വിഷയം | സ്കോർ | | | |
|---|---|---|---|---|---|---|
| | | | CE | TE | | Total |
| Paper 1 | YG-01 | യോഗദർശനം:ഉൽപ്പത്തി, വികാസം, യോഗജീവനം | 20 | 80 | | 100 |
| Paper 2 | YG-02 | യോഗയും ശരീര വ്യവസ്ഥയും | 20 | 80 | | 100 |
| Paper 3 | YG 03 | സ്പോർട്സ് യോഗ | 20 | 80 | | 100 |
| Paper 4 | YG 04 | പ്രായോഗിക പരിശീലനം | പ്രകടനം | ട്രെയിനേഴ്സ് സ്കിൽ | വാചാ പരീക്ഷ | |
| | | | 70 | 20 | 10 | 100 |
| Grand Total | | | | | | 400 |

- പരീക്ഷാനോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്ന മുറക്ക് നിശ്ചിത തീയതികൾക്കുള്ളിൽ പരീക്ഷാഫീസ് ഒടുക്കേണ്ടതാണ്.
- കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കിയ വിദ്യാർത്ഥികൾക്കാണ് പരീക്ഷാഫീസ് അടയ്ക്കാൻ അവസരം ഉള്ളത്.
- സമ്പർക്കക്ലാസ് പൂർത്തിയാകുന്ന മുറക്ക്തന്നെ പരീക്ഷ വിജ്ഞാപനം പുറപ്പെടുവിക്കും.
- പരീക്ഷാ നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ പരീക്ഷ വിജ്ഞാപനം സ്കോൾ കേരള വെബ്സൈറ്റ്, പഠനകേന്ദ്രം, പത്രമാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തും.

## ■ പരീക്ഷാ ഫീസ്

ഒരു പേപ്പറിന് - 300/-രൂപ (3 പേപ്പറിന് ആകെ 900/-രൂപ)
സർട്ടിഫിക്കറ്റ് ഫീസ് - 100/- രൂപ
കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഫീസ് - 200/- രൂപ

| | |
|---|---|
| **ആകെ** | **- 1200/- രൂപ** |
| ഫൈൻ | - 100/- രൂപ (നിർദ്ദിഷ്ട അവസാന തീയതിയ്ക്ക് ശേഷം നിശ്ചിത സമയ പരിധി വരെ) |
| റീവാല്യുവേഷൻ ഫീസ് | - ഒരു പേപ്പറിന് 500/- രൂപ വീതം |
| സ്ക്രൂട്ടിണി ഫീസ് | - ഒരു പേപ്പറിന് 200/- രൂപ വീതം |
| ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി | - ഒരു പേപ്പറിന് 250/- രൂപ വീതം |

- **സ്കോർ/ഗ്രേഡ് ഷീറ്റ്, ഡിപ്ലോമ സർട്ടിഫിക്കറ്റ്**

കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയ വിദ്യാർഥികൾക്ക് സ്കോർ/ഗ്രേഡ് ഷീറ്റും, നിശ്ചിത യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് സ്കോർ/ഗ്രേഡ് ഷീറ്റിനോടൊപ്പം ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകും. സ്കോർ/ഗ്രേഡ് ഷീറ്റും ഡിപ്ലോമ സർട്ടിഫിക്കറ്റും പരീക്ഷാകേന്ദ്രം മുഖേന വിതരണം ചെയ്യും.

- **ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ്**

തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് ഓൺലൈനായി 50/- രൂപ ഫീസൊടുക്കിയ ഫീസ് രസീത്, അഡ്മിഷൻ നമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

- **ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ് , സ്കോർ/ഗ്രേഡ് ഷീറ്റ് - മാനദണ്ഡങ്ങൾ**

- **ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ്**

ഡിപ്ലോമ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 200 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 400/- രൂപ ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത്, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- **സ്കോർ/ഗ്രേഡ് ഷീറ്റ്**

അസൽ സ്കോർ/ഗ്രേഡ് ഷീറ്റ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 100 രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 200/- രൂപ ഫീസ് ഓൺലൈൻ മോഡിൽ ഒടുക്കിയ ഫീസ് രസീത് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- **പുനഃപ്രവേശനം**

- കോഴ്സിന് ചേർന്ന ശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കാത്തവർക്ക് തുടർബാച്ചുകളിലെ സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്ത് കോഴ്സ് പൂർത്തിയാക്കുന്നതിന് പുനഃപ്രവേശനം അനുവദിക്കും. നിലവിലുള്ള ബാച്ചിന് തൊട്ട്

മുൻപുള്ള ബാച്ചിലെ പഠിതാക്കൾക്ക് പുന:പ്രവേശന ഫീസ് ആയി 500 രൂപയും അതിനു മുൻപുള്ള ബാച്ചിലെ പഠിതാക്കൾക്ക് പുന:പ്രവേശന ഫീസ് 1000 രൂപയുമാണ്.

- പുന:പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠന കേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് സഹിതം അപേക്ഷ സമർപ്പിക്കണം. ഫീസ് ഒടുക്കിയ അസ്സൽ ഫീസ് രസീത് ഓൺലൈൻ രജിസ്ട്രേഷനുശേഷം ലഭിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ്

കേരളത്തിൽ ഹോം നഴ്സുമാർക്ക് പാലിയേറ്റീവ് പരിശീലനങ്ങൾ ഉൾപ്പെടുത്തിയ ഗുണ നിലവാരമുള്ള അംഗീകൃത പാഠ്യപദ്ധതിയോ പരിചരണത്തിൽ ശാസ്ത്രീയമായ പഠനരീതിയോ നിലവിലില്ല. ഹോം നഴ്സിംഗ് രംഗത്തെ വിവിധ ഏജൻസികൾ ലഭ്യമാക്കുന്ന പരിമിതമായ പരിശീലനം മാത്രം സ്വായത്തമാക്കിയാണ് ഈ മേഖലയിൽ ഭൂരിഭാഗം ഹോം നഴ്സുമാരും പ്രവർത്തിക്കുന്നത്. ആയതിനാൽ വീടുകളിൽ രോഗം മൂലവും പ്രായാധിക്യം മൂലവും ബുദ്ധിമുട്ടുന്നവരുടെ പ്രയാസങ്ങൾ ലഘൂകരിക്കുവാൻ ഹോം നഴ്സുമാർക്ക് കാര്യമായ ഇടപെടൽ നടത്തുവാൻ കഴിയാറുമില്ല.

പ്രസ്തുത സാഹചര്യത്തിൽ 18 നും -45 നുമിടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി വിജയിച്ചവരെ തെരഞ്ഞെടുത്ത് രോഗം, പ്രായാധിക്യം എന്നിവയാൽ അവശ്ശത അനുഭവിക്കുന്നവർക്ക് വീടുകളിൽ ശാസ്ത്രീയമായ പരിചരണം നൽകുവാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് 'ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ' എന്ന കോഴ്സ് ആരംഭിക്കുന്നത്. സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ പഠിതാക്കൾക്ക് ഹോം കെയർ യൂണിറ്റിലൂടെ ഗൃഹകേന്ദ്രീകൃത പ്രായോഗിക പരിശീലനം നൽകും. കോഴ്സ് വിജയിക്കുന്നവർ സർക്കാർ അംഗീകൃത ശാസ്ത്രീയ പരിശീലനം ലഭിച്ച ഹോംനഴ്സുമാർ ആയിമാറും.

| | | |
|---|---|---|
| **കോഴ്സിന്റെ അംഗീകാരം** | - | കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പ്, (സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.766/2023/പൊ.വി.വ, തീയതി 30.01.2023) (സർക്കാർ ഉത്തരവ് **അനുബന്ധം 22 ആയി** ചേർക്കുന്നു) |
| **പ്രവേശന യോഗ്യത** | - | എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സിൽ ഉപരിപഠന യോഗ്യത |
| **പ്രായപരിധി** | - | 18 വയസ് മുതൽ 45 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കി പ്രായം കണക്കാക്കും.) |
| **പഠന മാധ്യമം** | - | ഇംഗ്ലീഷ്/മലയാളം |
| **പഠനരീതി** | - | ഓഫ് ലൈൻ |

**കോഴ്സ് കാലാവധി**

6 മാസം ദൈർഘ്യമുള്ള റഗുലർ കോഴ്സ്. ആഴ്ചയിൽ 2 ദിവസം തിയറി (ശനി, ഞായർ, മറ്റ് പൊതുഅവധി ദിവസങ്ങളിൽ), 2 ദിവസം പ്രാക്ടിക്കൽ (തിങ്കൾ മുതൽ വെള്ളിവരെ

യുള്ള പ്രവൃത്തി ദിവസങ്ങളിൽ ഏതെങ്കിലും രണ്ട് ദിവസം) എന്ന നിലയിൽ ആഴ്ചയിൽ 4 ദിവസങ്ങളിലായി ക്ലാസ്സുകൾ ക്രമീകരിക്കും. (തിയറി 260 മണിക്കൂർ, പ്രാക്ടിക്കൽ 260 മണിക്കൂർ– ആകെ 520 മണിക്കൂർ)

**ഫീസ് ഘടന**

| | | |
|---|---|---|
| കോഴ്സ് ഫീസ് | – | 10,000/– |
| പ്രവേശന ഫീസ് | – | 500/– |
| ആകെ | – | 10,500/– |
| ഫൈൻ | – | 100/– (നിർദ്ദിഷ്ട അവസാന തീയതിയ്ക്ക് ശേഷം നിശ്ചിത സമയപരിധിവരെ) |

കോഴ്സ് ഫീസ് ഒറ്റത്തവണയോ രണ്ട് ഗഡുക്കളായോ ഒടുക്കാവുന്നതാണ്. ഗഡുക്കളായി ഒടുക്കുന്നവർ കോഴ്സ് ഫീസിന്റെ 50 ശതമാനവും പ്രവേശന ഫീസും (5000 + 500) രജിസ്ട്രേഷൻ സമയത്തും രണ്ടാം ഗഡു ഫീസിന്റെ 50 ശതമാനം ഹാജർനില പൂർത്തിയാകുന്നതിന് മുൻപും (5000 രൂപ) ഒടുക്കേണ്ടതാണ്.

- **പഠനസഹായികൾ**

ലളിതമായ ഭാഷയിൽ, രണ്ടു ഭാഗങ്ങളായി തയ്യാറാക്കിയ പഠന സഹായികൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലഭിക്കും. കോഴ്സ് ആരംഭിക്കുമ്പോൾ പഠനകേന്ദ്രം മുഖേനയോ/തപാൽമാർഗ്ഗമോ അതത് പഠനകേന്ദ്രം/വിദ്യാർത്ഥിയുടെ മേൽവിലാസത്തിൽ ലഭ്യമാക്കും. കോഴ്സ് സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

- **പഠനകേന്ദ്രങ്ങൾ**

സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ, സന്നദ്ധ പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾ (സി.ബി.ഒ), സർക്കാർ പാലിയേറ്റീവ് കെയർ സെന്ററുകൾ എന്നിവ പഠനകേന്ദ്രങ്ങളായി ജനറൽ കൗൺസിലിന്റെയും സർക്കാരിന്റെയും അനുമതിയോടെ അനുവദിക്കും. 25 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിക്കുന്നത്. പഠനകേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും.

*പ്രായോഗിക പരിശീലനം സർക്കാർ സന്നദ്ധ മേഖലയിലുള്ള അക്രഡിറ്റഡ് ഹോം കെയർ യൂണിറ്റുകളുമായി സഹകരിച്ച് ഗൃഹകേന്ദ്രീകൃത പ്രായോഗിക പരിശീലനം നൽകും.* **(നിലവിലെ പഠനകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 23)**

- **ഓൺലൈൻ രജിസ്ട്രേഷൻ**

- പ്രവേശന വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം സ്കോൾ-കേരളയുടെ വെബ് സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.
- **ഓൺലൈൻ രജിസ്ട്രേഷൻ ഘട്ടം ഘട്ടമായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർഥിയുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫീസ് അടച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.**
- **ഓൺലൈൻ പേയ്മെന്റ് മോഡ് വഴി മാത്രമെ ഫീസ് ഒടുക്കുവാൻ സാധിക്കുകയുള്ളു.**

- **അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

- ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ട്. പ്രിൻൗട്ടിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.
- ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത്
- ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാസർട്ടിഫിക്കറ്റിന്റെ പകർപ്പ്

- **തിരിച്ചറിയൽ കാർഡ്**

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം പഠനകേന്ദ്രങ്ങൾ അനുവദിച്ച്, തിരിച്ചറിയൽ കാർഡ് നൽകും. രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് ലഭിച്ച യൂസർ ഐ ഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് തിരിച്ചറിയൽ കാർഡിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട പഠന കേന്ദ്രം കോഡിനേറ്ററുടെ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്. സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

- **സമ്പർക്കക്ലാസ്**

**സമ്പർക്ക ക്ലാസ്സ് (തിയറി & പ്രാക്ടിക്കൽ)**
**തിയറി ക്ലാസ്സ് – ആകെ 260 മണിക്കൂർ**

ആഴ്ചയിൽ 2 ദിവസം വീതം (ശനി, ഞായർ മറ്റ് പൊതു അവധി ദിവസങ്ങൾ) 10 മണിക്കൂർ വീതം തിയറി ക്ലാസ്സുകൾ (സമയം 10.00 am– 04.00 pm).

**പ്രായോഗിക ക്ലാസ്സ് – ആകെ 260 മണിക്കൂർ**

തിങ്കൾ മുതൽ വെള്ളി വരെ ഏതെങ്കിലും 2 ദിവസം ഹോം കെയർ യൂണിറ്റുകളിൽ ഗൃഹകേന്ദ്രീകൃത പ്രായോഗിക പരിശീലനം നൽകും. (സമയം – 09.30 am മുതൽ 04.30 pm വരെ).

**സമ്പർക്ക ക്ലാസ്സുകളുടെ ആകെ ദൈർഘ്യം 520 മണിക്കൂർ**

- സമ്പർക്ക ക്ലാസ്സ് ആരംഭിക്കുന്ന വിവരം പത്രമാധ്യമങ്ങൾ വഴി അറിയിക്കും.
- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 80 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. നിശ്ചിത ഹാജർ ലഭിക്കാത്ത വിദ്യാർഥികൾ ഹാജർ കുറവ് പരിഹരിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

- **പരീക്ഷ**

കോഴ്സ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് വിലയിരുത്തലിന്റെ ഭാഗമായി തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകും. പരീക്ഷ സംബന്ധിച്ച അറിയിപ്പ് പഠനകേന്ദ്രങ്ങൾ, വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ മുഖേനെ നൽകുന്നതാണ്.

## EVALUATION

| Internal Assessment | Numbers/Hours | Marks |
|---|---|---|
| Log Book | | 20 |
| Continuous Assessment from Observation unit | | 10 |
| Monthly Evaluation Average | | 10 |
| **Total** | | **40** |
| **Final Evaluation** | | |
| **Theory Examination** | | |
| Paper I | 1 hr | 50 |
| Paper II | 2 hrs | 100 |
| **Total** | | **150** |

| | | |
|---|---|---|
| **Practical Examination** | | |
| Procedure Demonstration | 30 min | 100 |
| Role Play | | 10 |
| **Total** | | **110** |
| **Grand Total** | | **300** |

- **കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സംഘാടനം, ഫല പ്രഖ്യാപനം**

  ഉത്തര പേപ്പറുകളുടെ മൂല്യനിർണ്ണയത്തിന് ഒരു കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ച് മൂല്യനിർണ്ണയം പൂർത്തിയാക്കി പരീക്ഷ ബോർഡിന്റെ നിർദ്ദേശാനുസരണം ഫലം പ്രസിദ്ധപ്പെടുത്തും.

- **പരീക്ഷാ ഫീസ്**

| | |
|---|---|
| ഒരു പേപ്പറിന് | - 250/-രൂപ (250 x 2 = 500) |
| സർട്ടിഫിക്കറ്റ് ഫീസ് | - 200/- രൂപ |
| കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഫീസ് | - 200/- രൂപ |
| **ആകെ** | **- 900/- രൂപ** |
| ഫൈൻ | - 100/- രൂപ (നിർദ്ദിഷ്ട അവസാന തീയതിക്കു ശേഷം നിശ്ചിത സമയ പരിധി വരെ) |
| റീവാല്യുവേഷൻ ഫീസ് | - ഒരു പേപ്പറിന് 500/- രൂപ വീതം |
| സ്ക്രൂട്ടിണി ഫീസ് | - ഒരു പേപ്പറിന് 200/- രൂപ വീതം |
| ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി | - ഒരു പേപ്പറിന് 250/- രൂപ വീതം |

- **സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ്, ഡിപ്ലോമ സർട്ടിഫിക്കറ്റ്**

കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയ വിദ്യാർഥികൾക്ക് സ്കോൾ-കേരള എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗീകാരത്തോടെയും ജനറൽ കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായും സർക്കാർ അനുമതിയോടെ സ്കോർ ആന്റ് ഗ്രേഡ് ഷീറ്റും, നിശ്ചിത യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് സ്കോർ ആന്റ് ഗ്രേഡ് ഷീറ്റിനോടൊപ്പം ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകും. സ്കോർ/ഗ്രേഡ് ഷീറ്റും ഡിപ്ലോമ സർട്ടിഫിക്കറ്റും പരീക്ഷാകേന്ദ്രം മുഖേന വിതരണം ചെയ്യും.

- **ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ്**

തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് ഓൺലൈൻ മോഡിൽ 50/- രൂപ ഫീസൊടുക്കിയ ഓൺലൈൻ ഫീസ് രസീത് അഡ്മിഷൻ നമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും സ്കോൾ-കേരളയുടെ ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

### ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ് , സ്കോർ/ഗ്രേഡ് ഷീറ്റ് – മാനദണ്ഡങ്ങൾ

- **ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ്**

ഡിപ്ലോമ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 200 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 400/- രൂപ ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത്, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- **സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ്**

അസൽ സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 100 രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 200/- രൂപ ഫീസ് ഓൺലൈനായി ഒടുക്കിയ ഫീസ് രസീത്, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- **പുന:പ്രവേശനം**

- ഏതെങ്കിലും കാരണത്താൽ ഒരു ബാച്ചിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് നിലവിലെ സിലബസ് മാറുന്നതുവരെ നിശ്ചിത ഫീസ് ഈടാക്കി വ്യവസ്ഥകൾക്ക് വിധേയമായി പുന:പ്രവേശനം അനുവദിക്കും. പുന:പ്രവേശന ഫീസ് 1000/- രൂപയാണ്. പുന:പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

- പുന:പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠന കേന്ദ്രം മേലധികാരിയുടെ കത്ത് സഹിതം അപേക്ഷ സമർപ്പിക്കണം. ഫീസ് ഒടുക്കിയ അസ്സൽ ഓൺലൈൻ ഫീസ് രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ

- എല്ലാ ദിവസവും കൃത്യസമയത്ത് തന്നെ ക്ലാസ്സിൽ ഹാജരാകേണ്ടതാണ്.
- സത്യസന്ധതയും ആത്മാർത്ഥതയും പരസ്പര ബഹുമാനവും എല്ലാ വിദ്യാർത്ഥികളിൽ നിന്നും പ്രതീക്ഷിക്കുന്നു. രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും മറ്റ് ടീം അംഗങ്ങളോടും സൗഹാർദ്ദപരമായി പെരുമാറണം.
- ക്ലാസ്സ് സമയത്ത് മൊബൈൽ ഫോൺ ഓഫ് ചെയ്യുകയോ നിശബ്ദമാക്കുകയോ ചെയ്യണം.
- എല്ലാ തിയറിക്ലാസ്സുകളിലും നിർബന്ധമായും പങ്കെടുത്തിരിക്കണം.
- ഹോം കെയർ ടീം അംഗങ്ങളുമായി നല്ല സൗഹൃദം സൂക്ഷിക്കേണ്ടതാണ്.
- ഓരോ രോഗിയെയും സന്ദർശിക്കുന്നതിന് മുൻപ് ടീം ലീഡറിൽ നിന്ന് രോഗിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ചോദിച്ച് മനസ്സിലാക്കണം.
- ഹോം കെയറുകളിൽ ആശയവിനിമയത്തിന് വളരെ പ്രാധാന്യം ഉണ്ട്. ടീം അംഗങ്ങൾ രോഗിയും കുടുംബാംഗങ്ങളുമായി സംസാരിക്കുമ്പോൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും രോഗിക്കും കുടുംബത്തിനും ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ രോഗ വിവരം ചോദിച്ച് മനസ്സിലാക്കുകയും ചെയ്യണം.
- ഈ കോഴ്സിൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ അവധി അനുവദിക്കുകയുള്ളൂ. അവധി ആവശ്യമായ ദിവസങ്ങളിൽ കോഴ്സ് കോഡിനേറ്ററെ അറിയിക്കുകയും രേഖാമൂലം അപേക്ഷ നൽകുകയും ചെയ്യണം. ഇപ്രകാരം അവധി എടുക്കുയാണെങ്കിൽ പകരം കോഴ്സ് കാലയളവിലെ അവധി ദിവസങ്ങളിൽ അത്രയും ദിവസം പരിശീലകേന്ദ്രം നിർദ്ദേശിക്കുന്ന യൂണിറ്റുകളിൽ കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.
- പരീക്ഷ ദിവസങ്ങളിൽ ഹാജരാകാത്തവർക്കും ഹാജർകുറവ് മൂലം പരീക്ഷ എഴുതാൻ കഴിയാത്തവർക്കും പരീക്ഷയിൽ പരാജയപ്പെടുന്നവർക്കും അടുത്ത ബാച്ചിന്റെ കൂടെ മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ.
- തിയറി പരീക്ഷയ്ക്ക് ഓരോ പേപ്പറിനും മിനിമം 40% മാർക്കും പ്രായോഗിക പരീക്ഷയ്ക്ക് മിനിമം 50% മാർക്കും നേടിയാൽ മാത്രമേ വിജയിക്കാനാവൂ.

## ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് (ഡി.സി.പി.എം)

24.02.2024 ലെ സർക്കാർ ഉത്തരവ് (സ.ഉ (സാധാ)നം. 1540/2024/പൊ.വി.വ) പ്രകാരം സ്കോൾ കേരള മുഖേന 'ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ്' ആരംഭിക്കുന്നതിന് അനുമതി നൽകിയും പാഠ്യപദ്ധതിക്കും കോഴ്സ് ഘടനയ്ക്കും അംഗീകാരം ലഭിക്കുകയുണ്ടായി.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതലമായി പരിഗണിക്കുന്നത് 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ പഠിക്കുന്ന പ്രീസ്കൂൾ/അങ്കണവാടികളെയാണ്. അധ്യാപികമാരും ആയമാരും ഉൾപ്പെടുന്ന ജീവനക്കാരാണ് പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക്

നേതൃത്വം നല്കുന്നത്. സവിശേഷമായ സേവന പൂർവ്വകാല പരിശീലനം ലഭിച്ച അധ്യാപികമാരാണ് പ്രീസ്കൂൾ സ്ഥാപനങ്ങളിൽ സേവനം നല്കുന്നത്. എന്നാൽ പ്രീസ്കൂൾ കുട്ടികളുടെ ആരോഗ്യ ശുചിത്വ കാര്യങ്ങൾ, പരിചരണം, സംരക്ഷണം, വികാസം എന്നിവയ്ക്കായി പൂർണസമയവും അധ്യാപകരോടൊപ്പം ചെലവിടുന്ന ആയമാർക്കായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക സേവന പൂർവ്വകാല പരിശീലന സംവിധാനങ്ങൾ നിലവിലില്ല. സംസ്ഥാനത്തെ പ്രീസ്കൂൾ വിദ്യാഭ്യാസ മേഖല കൂടുതൽ സർഗ്ഗാത്മകമാകാൻ പരിശീലനം സിദ്ധിച്ച ആയമാരും അനിവാര്യമാണെന്ന് ഇത് സംബന്ധിച്ച പഠനങ്ങൾ നിർദ്ദേശിക്കുന്നു. ശിശുപരിപാലന മേഖലയിലേക്ക് കടന്നു വരുന്നതിന് താൽപ്പര്യമുള്ള നിരവധിയായ പഠിതാക്കൾ നമ്മുടെ സമൂഹത്തിൽ ഉണ്ട്. ഇതൊക്കെ പരിഗണിച്ചുകൊണ്ടാണ് ശിശുപരിപാലക തസ്തികയിൽസേവനം നൽകുന്നതിനുള്ള അടിസ്ഥാനയോഗ്യതയായി നിശ്ചയിക്കാൻ കഴിയും വിധം ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് (ഡി.സി.പി.എം) എന്നപേരിൽ ഒരു ഡിപ്ലോമാ കോഴ്സ് സ്കോൾ-കേരളയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നത്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വ്യക്തിക്ക് ശിശുപരിപാലന മേഖലയിലും തസ്തികയിലും മികച്ച സേവനം നൽകുന്നതിനുള്ള അനുഭവങ്ങളും ശേഷിപ്പുകളും ലഭ്യമാകും വിധമാണ് കോഴ്സ് ഘടന വിഭാവനം ചെയ്തിട്ടുള്ളത്.

| | | |
|---|---|---|
| **കോഴ്സിന്റെ പേര്** | – | ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് (ഡി.സി.പി.എം) |
| **കോഴ്സിന്റെ അംഗീകാരം** | – | 24.02.2024 ലെ സർക്കാർ ഉത്തരവ് (സ.ഉ (സാധാ)നം. 1540/2024/ പൊ.വി.വ) **അനുബന്ധം 24** |
| **പ്രവേശന യോഗ്യത** | – | എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സിൽ വിജയം/ ഉപരിപഠനയോഗ്യത |
| **പ്രായപരിധി** | – | കുറഞ്ഞ പ്രായപരിധി 18 വയസ്സ്. ഉയർന്ന പ്രായപരിധി 45 വയസ്സ്. പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയാണ് പ്രായപരിധി കണക്കാക്കുന്നത്. നിലവിൽ ശിശുപരിചരണ മേഖലയിൽ പ്രവർത്തിയെടുക്കുന്ന ആയ/ഹെൽപ്പർ/വർക്കർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാർക്ക് ഉയർന്ന പ്രായപരിധിയില്ല. |
| **പഠന മാധ്യമം** | – | മലയാളം |
| **പഠനരീതി** | – | ബ്ലെൻഡഡ് മോഡ് (ഓഫ് ലൈൻ/ഓൺലൈൻ) |

**കോഴ്സ് കാലാവധി**

കോഴ്സിന്റെ കാലാവധി 6 മാസമാണ്. (180 ദിവസം). (തീയറി : 225 മണിക്കൂർ, പ്രാക്ടിക്കൽ : 50 മണിക്കൂർ, വിവര വിനിമയ സാങ്കേതിക വിദ്യാപരിചയം :25 മണിക്കൂർ **ആകെ : 300 മണിക്കൂർ**) ശനി, ഞായർ, മറ്റു പൊതു അവധി ദിവസങ്ങളിലായി സമ്പർക്ക ക്ലാസുകൾ സംഘടിപ്പിക്കും.

**ഫീസ് ഘടന**

| | | |
|---|---|---|
| കോഴ്സ് ഫീസ് | - | 3500/- |
| പ്രവേശന ഫീസ് | - | 500/- |
| **ആകെ** | **-** | **4000/-** |
| ഫൈൻ | - | 100/- (നിർദ്ദിഷ്ട അവസാന തീയതിയ്ക്ക്ശേഷം നിശ്ചിത സമയപരിധിവരെ) |

കോഴ്സ് ഫീസ് ഒറ്റത്തവണയോ രണ്ട് ഗഡുക്കളായോ ഒടുക്കാവുന്നതാണ്. ഗഡുക്കളായി ഒടുക്കുന്നവർ കോഴ്സ് ഫീസിന്റെ **50** ശതമാനവും പ്രവേശന ഫീസും (1750+500) രജിസ്ട്രേഷൻ സമയത്തും രണ്ടാം ഗഡു ഫീസിന്റെ 50% ഹാജർനില പൂർത്തിയാകുന്നതിന് മുൻപും (1750/- രൂപ) ഒടുക്കേണ്ടതാണ്.

## ■ പഠനസാമഗ്രികൾ

കോഴ്സിന് രജിസ്റ്റർ ചെയ്യുന്നവർക്ക് സ്വയം പഠനസഹായികൾ സൗജന്യമായി നൽകും. പഠനസഹായികൾ അതത് പഠനകേന്ദ്രം/പഠിതാക്കളുടെ മേൽവിലാസത്തിൽ ലഭ്യമാക്കും. കോഴ്സ് സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

## ■ പഠനകേന്ദ്രങ്ങൾ

പ്രാഥമിക ഘട്ടത്തിൽ ഓരോ ജില്ലയിലെയും വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ (DIET) പഠന കേന്ദ്രമായി അനുവദിക്കും. അതോടൊപ്പം ഡയറ്റ് നിശ്ചയിക്കുന്ന സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹൈസ്കൂൾ, പ്രീസ്കൂൾ, ബി.ആർ.സി, ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ, പ്രീസ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ തുടങ്ങിയ കേന്ദ്രങ്ങളും പഠനകേന്ദ്രങ്ങളായി അനുവദിക്കും. ഡയറ്റുകളോട് ചേർന്ന് പ്രവർത്തിക്കുന്നതോ പരിസരപ്രദേശങ്ങളിൽ സ്ഥാപിതമായതോ ആയ പ്രീസ്കൂളുകളിലും അംഗണവാടികളിലും പ്രായോഗിക പരിചയത്തിന് അവസരമൊരുക്കുന്നതാണ്. ഒരു ബാച്ചിൽ കുറഞ്ഞത് 35 പഠിതാക്കളും പരമാവധി 50 പഠിതാക്കളും ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിക്കുന്നത്. പഠനകേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാനുള്ള അധികാരം സ്കോൾ-കേരളയിൽ നിഷ്പിതമായിരിക്കും. **(നിലവിലെ പഠനകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 25)**

## ■ അപേക്ഷിക്കേണ്ട വിധം

- പ്രവേശന വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം സ്കോൾ-കേരളയുടെ വെബ്സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ■ പ്രവേശനത്തിന് ഹാജരാക്കേണ്ട രേഖകൾ

- ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടിൽ പഠിതാവ് നിശ്ചിത സ്ഥലത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രിൻഔട്ടിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.

- ഫീസ് ഒടുക്കിയ അസ്സൽ ഓൺലൈൻ ഫീസ് രസീത്
- ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട യോഗ്യതാസർട്ടിഫിക്കറ്റിന്റെ പകർപ്പ്

## ■ തിരിച്ചറിയൽ കാർഡ്

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം പഠനകേന്ദ്രങ്ങൾ അനുവദിച്ച് തിരിച്ചറിയൽ കാർഡ് അനുവദിക്കും. രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് ലഭിച്ച യൂസർ ഐ ഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് തിരിച്ചറിയൽ കാർഡിന്റെ പ്രിന്റ് എടുക്കാവുന്നതാണ്. അത് ബന്ധപ്പെട്ട പഠന കേന്ദ്രം കോഡിനേറ്റിംഗ് ടീച്ചറുടെ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്. സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

## ■ സമ്പർക്കക്ലാസ്

- ജില്ലയിലെ പഠനകേന്ദ്രം മുഖേനെ അവധി ദിവസങ്ങളിൽ സമ്പർക്കക്ലാസുകൾ സംഘടിപ്പിക്കും.
- ആറുമാസത്തിനുള്ളിൽ 300 മണിക്കൂർ ക്ലാസ്സുകൾ വിദ്യാർഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ പേപ്പറിനും 75 മണിക്കൂർ എന്ന ക്രമത്തിൽ 225 മണിക്കൂർ പഠന സമയം (തിയറി) അനുവദിച്ചിട്ടുണ്ട്.
- പ്രീസ്കൂൾ അനുഭവ പരിപാടി (പ്രാക്ടിക്കം) യുടെ പഠന സമയം 50 മണിക്കൂറാണ്.
- വിവര വിനിമയ സാങ്കേതിക വിദ്യക്കായി 25 മണിക്കൂർ പഠന സമയം അനുവദിച്ചിട്ടുണ്ട്.
- പരമാവധി 50 (10 മാർജിനൽ) വിദ്യാർത്ഥികളും കുറഞ്ഞത് 35 പഠിതാക്കളും ഉൾക്കൊള്ളുന്നതാണ് ഒരു ബാച്ച്.
- സമ്പർക്ക ക്ലാസ്സ് ആരംഭിക്കുന്ന വിവരം പത്രമാധ്യമങ്ങൾ വഴി അറിയിക്കും.

- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 80 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. 70 ശതമാനം ഹാജറുള്ള പഠിതാക്കൾക്ക് ഹാജർ കുറവ് പരിഹരിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ■ പരീക്ഷ

- കോഴ്സ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സ്കോൾ-കേരള പൊതുപരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകും. പ്രാക്ടിക്കൽ, തീയറി പരീക്ഷകൾ പഠനകേന്ദ്രങ്ങളിൽ വച്ച് നടത്തും. പരീക്ഷ സംബന്ധിച്ച അറിയിപ്പ് പഠനകേന്ദ്രങ്ങൾ, വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ മുഖേനെ നൽകുന്നതാണ്.
- പരീക്ഷാനോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്ന മുറക്ക് നിശ്ചിത തീയതികളിൽ ഓൺലൈൻ മുഖേനെ പരീക്ഷാഫീസ് ഒടുക്കേണ്ടതാണ്.
- കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കിയ വിദ്യാർത്ഥികൾക്കാണ് പരീക്ഷാഫീസ് അടയ്ക്കാൻ അവസരം ഉള്ളത്.

- സമ്പർക്കക്ലാസ് പൂർത്തിയാകുന്ന മുറക്ക്തന്നെ പരീക്ഷ വിജ്ഞാപനം പുറപ്പെടുവിക്കും.
- പരീക്ഷാ നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ പരീക്ഷ വിജ്ഞാപനം സ്കോൾ കേരള വെബ്സൈറ്റ്, പഠനകേന്ദ്രം, പത്രമാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തും.

## ■ പരീക്ഷാ ഫീസ്

| | |
|---|---|
| ഒരു പേപ്പറിന് | - 300/-രൂപ (3 x 3 = 900) |
| സർട്ടിഫിക്കറ്റ് ഫീസ് | - 100/- രൂപ |
| കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഫീസ് | - 200/- രൂപ |
| **ആകെ** | **- 1200/- രൂപ** |
| ഫൈൻ | - 100/- രൂപ (നിർദ്ദിഷ്ട തീയതിയ്ക്ക് ശേഷം നിശ്ചിത സമയ പരിധി വരെ) |
| റീവാല്യുവേഷൻ ഫീസ് | - ഒരു പേപ്പറിന് 500/- രൂപ വീതം |
| സ്ക്രൂട്ടിണി ഫീസ് | - ഒരു പേപ്പറിന് 200/- രൂപ വീതം |
| ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി | - ഒരു പേപ്പറിന് 250/- രൂപ വീതം |

## ■ തിയറി, പ്രായോഗിക പരീക്ഷ – മാർക്കുകളുടെ വിന്യാസം

| പേപ്പർ | വിഷയം | നിരന്തര വിലയിരുത്തൽ | | എഴുത്ത് പരീക്ഷ | | ആകെ | |
|---|---|---|---|---|---|---|---|
| | | മാക്സിമം സ്കോർ | മിനിമം സ്കോർ | മാക്സിമം സ്കോർ | മിനിമം സ്കോർ | മാക്സിമം സ്കോർ | മിനിമം സ്കോർ |
| പേപ്പർ 1 | ശൈശവകാല പരിചരണവും വികാസവും ശാസ്ത്രീയ അടിത്തറ | 20 | 6 | 60 | 18 | 80 | 24 |
| പേപ്പർ 2 | ആരോഗ്യം പോഷണം പരിചരണം | 20 | 6 | 60 | 18 | 80 | 24 |
| പേപ്പർ 3 | ശിശുപരിചരണ കേന്ദ്രങ്ങളുടെ മാനേജുമെന്റും ഭരണ നിർവഹണ | 20 | 6 | 60 | 18 | 80 | 24 |
| പ്രായോഗിക പരീക്ഷ | | | | | | 60 | 18 |
| **ആകെ** | | | | | | **300** | **90** |

## ■ സ്കോർ/ഗ്രേഡ് ഷീറ്റ്, ഡിപ്ലോമ സർട്ടിഫിക്കറ്റ്

കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയ പഠിതാക്കൾക്ക് സ്കോർ/ഗ്രേഡ് ഷീറ്റും, നിശ്ചിത യോഗ്യത നേടിയ പഠിതാക്കൾക്ക് സ്കോർ/ഗ്രേഡ് ഷീറ്റിനോടൊപ്പം ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകും. സ്കോർ/ഗ്രേഡ് ഷീറ്റും ഡിപ്ലോമ സർട്ടിഫിക്കറ്റും പരീക്ഷകേന്ദ്രം മുഖേന വിതരണം ചെയ്യും.

## ■ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ്

തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് സ്കോൾ-കേരള അക്കൗണ്ടിൽ 50/- രൂപ ഫീസൊടുക്കിയ രസീതും അഡ്മിഷൻ നമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും ജില്ലാ/സംസ്ഥാന കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

## ■ ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ് , സ്കോർ/ഗ്രേഡ് ഷീറ്റ് – മാനദണ്ഡങ്ങൾ

### ■ ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ്

ഡിപ്ലോമ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 200 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 400/- രൂപ ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### ■ സ്കോർ/ഗ്രേഡ് ഷീറ്റ്

അസൽ സ്കോർ/ഗ്രേഡ് ഷീറ്റ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 100 രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 200/- രൂപ ഫീസ് ഒടുക്കിയ ഫീസ് രസീത് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ■ പുന:പ്രവേശനം

- കോഴ്സിന് ചേർന്ന ശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കാത്തവർക്ക് തുടർബാച്ചുകളിലെ സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്ത് കോഴ്സ് പൂർത്തിയാക്കുന്നതിന് പുന:പ്രവേശനം അനുവദിക്കും. പുന:പ്രവേശന ഫീസ് 1000 രൂപയാണ്.
- പുന:പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠന കേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് സഹിതം അപേക്ഷ സമർപ്പിക്കണം. ഫീസ് ഒടുക്കിയ അസ്സൽ ഫീസ് രസീത് ഓൺലൈൻ രജിസ്ട്രേഷനുശേഷം ലഭിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
